Vol. 17. No. 10.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

October 1919.

# വിഷയ വിവരണിക.


1. മംഗളം.
ശ്രീമാൻ കെ. ടി. ലോനപ്പൻ അവർകൾ.
2. നമ്മുടെ ...മബന്ധുക്കൾ.
3. ...ഫ്ഥാ ഫലപ്രദമായ ഒരായുധം.
റവ. ഫദർ ആൻറണി പെരെയിരാ ”
4. യാക്കോബായസഭയുടെ ഉത്ഭവം.
റവ. ഫാദർ ജെ. സി. പഞ്ഞിക്കാരൻ എം. ഏ. ”
5. വേദപുസ്തകപാരായണം.
റവ. ഫാദർ അലക്സാണ്ഡർ സി. ഡി. ”
6. ശ്രീയേശുവിജയം (മലയാളമഹാകാവ്യം.)
ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള. ”
7. എല്ലാമതവും ഒന്നുതന്നെ.
റവ. മാത്യു. പുരസ്കൻ എം. ഏ. ”
8. പൌരസ്ത്യ സഭ.
ശ്രീമാൻ കെ. ഇ. ജോബ് ബി. ഏ. ”
9. അനുസരണം.
ശ്രീമാൻ. വി. കെ. ജോസഫ് മാപ്പിള. ”
10. തിരുഹൃദയകാരുണ്യം.
രാജശ്രീമാൻ. എഴപുന്നപ്പാററായിൽ കുഞ്ഞുവൂരാത്തരകൻ ”
11. മുട്ടിയാൽ തുറക്കപ്പെടും. (ഒരു പ്രഹസനം)
ശ്രീമാൻ. കെ. പി. പീററർ. ”
12. തിരുഹൃദയം പൊതുനിയോഗം.
13. പ്രസാധകക്കുറിപ്പുകൾ.
14. പഞ്ചാംഗം.
15. പരസ്യങ്ങൾ.


---

☞ "കുത്സിതപഠനങ്ങളുടേയും, ദുരാഗ്രഹപ്രമത്തതയുടേയും, അനൈകമത്യത്തിൻെറയും ഫലമായി ഇപ്പോൾ ഭൂലോകമെങ്ങും വ്യാപിച്ചിരിക്കുന്ന വിപ്ലവത്തെ വിധ്വംസനം ചെയ്യുവാനിച്ഛിക്കുന്നവരെല്ലാം പ്രഡറിക്ക് ഒസ്സാനാമിനെ അവരുടെ ആദർശവും മാതൃകയും ആയിട്ടു സ്വീകരിക്കുന്നതായാൽ, അതു രാജ്യയോഗക്ഷേമത്തിന് എത്രയും ഉപകാരപ്രദമായിരിക്കും."

മാർപ്പാപ്പാ പീയൂസ് ദശമൻ.

(പ്രഡറിക്ക് ഒസ്സാനാമിൻെറ ജീവചരിത്രം ഇവിടെ തയ്യാറായി വരുന്നുണ്ട്.)

(പത്രാധിപർ)



ശ്രീമൂലം തിരുനാൾ സർ രാമവൎമ്മ മഹാരാജാ

ജി. സി എസ്. ഐ തിരുമനസ്സിലെ

അറുപത്തുരണ്ടാമത്തെ ആട്ടത്തിരുനാൾ.

# കർമ്മല കുസുമം.

പുസ്തകം ൧.　　൧൯൧൯ ഒക്ടോബർ.　　ലക്കം. ൧൦.


## മംഗളം.

അമ്മമാർ മുടിരത്നമേ! ജഗദംബ! സൽഗുണപൂരിതേ!
നിർമ്മലോത്ഭവി! ദൈവപുത്രനു തായയാം ഭുവനേശ്വരീ!
തിന്മയായ തമസ്സുകൊണ്ടുനിറഞ്ഞ ഹൃത്തടമാകെ നിൻ
വെണ്മയാൽ വെളിവാക്കി—മാം പരിപാഹി നിർജ്ജരനായികേ!

കെ. ടി. ലോനപ്പൻ.

## നമ്മുടെ ഉത്തമബന്ധുക്കൾ.

നിന്റെ എല്ലാവഴികളിലും നിന്നെ ആദരിക്കുന്നതിനു ദൈവം തന്റെ ദൂതന്മാരോട് അജ്ഞാപിച്ചു. (സങ്കീ. ൯൧.)

"എല്ലാവഴികളിലും" എന്നു പറഞ്ഞതുകൊണ്ട് ആത്മികവും ശാരീരികവുമായ ഇരുതരവിഷയങ്ങളിലുമുള്ള സൂക്ഷ്മം ദൈവം തന്റെ ദൂതന്മാരെ ഭരമേല്പിച്ചിട്ടുണ്ടെന്നു സ്പഷ്ടമാണ്. നമ്മുടെ ജന്മശത്രുക്കളായ പിശാചുക്കൾ ഒരിക്കലും വിശ്രമിക്കുന്നില്ല. നാം ഉറങ്ങുന്ന സമയത്തുപോലും അവർ നമ്മുടെ നാശത്തിനുള്ള ഉപായങ്ങളെ അന്വേഷിച്ചുകൊണ്ടു അടുത്തു നിൽക്കുന്നു. "സാത്താൻ ആരെവിഴുങ്ങേണ്ടുവെന്നുവച്ചു ഗർജ്ജിക്കുന്ന സിംഹത്തെപ്പോലെ ചുററിനടക്കുന്നു" (വി. പത്രോ ൫. ൮.) വിചാരം, വചനം, പ്രവൃത്തി, ഉപേക്ഷ എന്നിതുകൾ വഴിയായി ഏതുവിധമെങ്കിലും ആത്മാവിനു നാശം വരുത്തുന്നതിനായി അവൻ ഇടവിടാതെ തരം നോക്കിനിൽക്കുന്നു. നമ്മിൽ നിഗ്രഢമായിരിക്കുന്ന ദുർവികാരശ്രേണികളെ ഉൾപ്രേരിപ്പിക്കയും, പുറമെ നാം കാണുകയും കേൾക്കയും ചെയ്യുന്ന എല്ലാ വിഷയങ്ങളേയും നാം കണ്ടുമുട്ടുന്ന ആളുകളേയും സാഹചര്യങ്ങളേയും എല്ലാം നമുക്കു 'ഉതപ്പി'നും ദോഷത്തിനുമുള്ള കരുക്കളും ഹേതുക്കളുമായി പ്രയോഗിക്കുന്നതിനു അവൻ ബദ്ധശ്രദ്ധനായിരിക്കയും ചെയ്യുന്നു. അവന്റെ ഊടുവഴികളും മായാതന്ത്രങ്ങളും നാം കാണുന്നില്ല. എന്നാൽ ഒന്നോടൊന്നു ചേർന്നിരിക്കുന്ന അവന്റെ കണികളെ നമ്മുടെ കാവൽമാലാഖാ പരിപൂർണ്ണമായി ഗ്രഹിച്ചിരിക്കുന്നു. നമ്മുടെ അറിവിൽ പെടുന്നതിനു മുമ്പുതന്നെ മാലാഖാ എതിരുപായങ്ങളെ പ്രയോഗിച്ചുകൊണ്ടു ദുഷ്ടാത്മാവിന്റെ ഉദ്ദേശ്യങ്ങളെ തെററിച്ചുകളയുന്നു.

ചില സമയം അവൻെറ കുടുക്കിൽ നാം അകപ്പെട്ടാൽതന്നെയും സ്വൎഗ്ഗീയ പ്രഭയാൽ നമ്മുടെ ബോധത്തെ പ്രകാശിപ്പിക്കയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ടു നാശകൂപത്തിൽ വീഴാതെ നമ്മെ രക്ഷിക്കുന്നു.

എന്നാൽ ആത്മികമായിട്ടു മാത്രമല്ല, പിശാചു നമ്മെ ഉപദ്രവിക്കുന്നതു്; ശാരീരികാസ്വാസ്ഥ്യങ്ങളും പെട്ടെന്നുള്ള അപകടങ്ങളും പൂൎവ്വ യോബിനു സംഭവിച്ച പ്രകാരമുള്ള വസ്തുനാശങ്ങളും മററു പല വിധത്തിലുള്ള അനൎത്ഥങ്ങളും ദൈവാനുമതിയോടുകൂടി അവൻ നമുക്കു വരുത്തിക്കൊണ്ടു നമ്മുടെ ആത്മസമാധാനത്തെ നശിപ്പിക്കുവാൻ ശ്രമിക്കാറുണ്ടു്. പിശാചു് സ്വൎഗ്ഗത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു എങ്കിലും അവൻെറ പൂൎവ്വശക്തിക്കു യാതൊരു ഹാനിയും ഭവിച്ചിട്ടില്ലല്ലൊ. സാറായുടെ ആദ്യ ഭൎത്താക്കൾക്കു സംഭവിച്ച ഭയങ്കര നാശങ്ങളും ദൈവദൂതനിൽ നിന്നു തോബിയാസിനു ലഭിച്ച അനുഗ്രഹങ്ങളും ഇവിടെ സ്മൎത്തവ്യങ്ങളാണു്. ഈദൃശ വൈഷമ്യങ്ങളേയും അവയുടെ മാൎഗ്ഗങ്ങളേയും ദൈവദൂതൻ കാലേകൂട്ടി തടയുകയും നശിപ്പിക്കയും ചെയ്യുന്നു. ഇപ്പോൾ നമ്മിൽ നിന്നും മറയപ്പെട്ടിരിക്കുന്നുവെങ്കിലും മാലാഖായിൽനിന്നും നാം കൈക്കൊള്ളുന്ന ഈദൃശങ്ങളായ അനുഗ്രഹാതിശയങ്ങളുടെ പെരുപ്പം മരണശേഷം നാം കാണുമ്പോൾ വിസ്മയഭരിതരായിത്തീരുമെന്നുള്ളതിനു സംശയമില്ല. ജീവിതത്തിലെ സാധാരണ ഘട്ടങ്ങളിൽതന്നെയും ഇത്ര താല്പൎയ്യമായി നമ്മെ പാലിക്കുന്നുവെങ്കിൽ പിശാചുക്കൾ കൂട്ടം കൂട്ടമായി അവരുടെ പൂൎണ്ണശക്തിയെ നമ്മോടു പ്രയോഗിക്കുന്ന ആ മരണസമയത്തു മാലാഖായുടെ ശ്രദ്ധ നമ്മുടെ നേരെ എത്രമാത്രമുണ്ടായിരിക്കുമെന്നും അതു നമ്മെ എത്രകണ്ടു ആശ്വസിപ്പിക്കുമെന്നും ഊഹ്യമാണല്ലൊ



പിശാചു നമ്മോടു ചെയ്യുന്ന ഞെരുക്കം മരണത്തോടുകൂടി അവസാനിക്കുന്നു. എന്നാൽ മാലാഖായുടെ തുണ മരണശേഷവും ഉണ്ടായിരിക്കും. ശുദ്ധീകരണസ്ഥലത്തിൽകൂടിയും അദ്ദേഹം നമ്മെ ആശ്വസിപ്പിക്കുന്നു. അത്യുന്നതൻെറ പക്കൽ നമ്മെ എത്തിക്കുന്നതുവരെ ഒരിക്കലും വിട്ടുപിരിയുന്നില്ല. എത്ര വിശ്വസ്തനായ സ്നേഹിതൻ! എത്ര അൻപുള്ള സഹോദരൻ! അനൎത്ഥങ്ങൾ നിറഞ്ഞ ഈ പ്രവാസ ജീവിതത്തിൽ നമുക്കു് ഉപദേശവും ആശ്വാസവും സഹായവും നൽകുന്ന ഒരു കൂട്ടുകാരൻ, വി. കുൎബ്ബാനയിലെ ഈശോയുടെ ദിവ്യഹൃദയം കഴിഞ്ഞാൽ, കാവൽ മാലാഖായെപ്പോലെ മററാരുമില്ല. ദൈവദൂതന്മാർ നമ്മുടെ ആവശ്യങ്ങളെ ദൈവ തിരുമുമ്പാകെ സമൎപ്പിക്കയും അവിടെനിന്നും നമുക്കുവേണ്ട അനുഗ്രഹങ്ങളെ ഉടനുടൻ ലഭിച്ചുതരികയും ചെയ്യുന്നതായി, ഗോത്രപിതാവായ യാക്കോബു കണ്ടതുപോലെ, നാമോരോരുത്തരും കണ്ടെങ്കിൽ കൊള്ളാമായിരുന്നു.

കാവൽ മാലാഖയോടുള്ള ഭക്തി ഉത്തമ ക്രിസ്ത്യാനിക്കു വേണ്ടതായ പ്രധാനഭക്തികളിൽ ഒന്നാണു്. എന്നാൽ സ്നേഹിതാ, നിങ്ങളുടെ ഈ സ്നേഹിതൻെറ നേരെ ഇതുവരെയും എങ്ങിനെ പെരുമാറി? സൎവ്വലോകചക്രവൎത്തിയുടെ പ്രതിനിധിയും സ്വൎഗ്ഗത്തിലെ പ്രഭുവും ആയ ഒരാൾ രാപ്പകൽ നിങ്ങൾക്കു ശുശ്രൂഷചെയ്യുന്ന എന്നോൎക്കയും അദ്ദേഹത്തോടു വേണ്ടതായ ബഹുമാനവും കൃതജ്ഞതയും കാണിക്കയും ചെയ്തോ? വിഷമതകളിൽ അയാളോടു വെളിവും സഹായവും അപേക്ഷിച്ചോ? അയാളിൽ പൂൎണ്ണവിശ്വാസം വച്ചിരുന്നോ? ഇല്ലെങ്കിൽ വന്നുപോയ നന്ദികേടിനും അമാന്തത്തിനും എതിരായ ഒരു സ്ഥിരനിശ്ചയം ഈ മാസത്തിൽ ചെയ്തു മാലാഖായുടെ സ്തുതിക്കായിട്ടു ദിനംപ്രതി അല്പാല്പമായ ചില ആശാനിഗ്രഹങ്ങൾ ചെയ്ക. കാലത്തും വൈകുന്നേരവും ഇപ്രകാരം ചൊല്ലുക. "എൻെറ കാവൽക്കാരനായ കൎത്താവിൻെറ മാലാഖാ! ദൈവകൃപയാൽ നിനക്കേല്പിക്കപ്പെ

ട്ടിരിക്കുന്ന എന്നെ ഈ ദിവസത്തിൽ (രാത്രിയിൽ) കാത്തുപരിപാലിച്ചു പ്രകാശിപ്പിച്ചു നടത്തി ഭരിച്ചുകൊള്ളണമെ."

## സർവഥാ ഫലപ്രദമായ ഒരായുധം.

പതിമൂന്നാം ശതാബ്ദത്തിൽ ഫ്രാൻസ് രാജ്യത്തിന്റെ ദക്ഷിണഭാഗത്തു അൽബിജൻസസ് എന്നൊരുവക നശീകര ഇടത്തുട്ടുകാർ കത്തോലിക്കാ സത്യസഭയുടെ പ്രധാന തത്വങ്ങളെ നിഷേധിച്ചു തുടങ്ങി. സ്വരാജ്യത്തെ, ഭയത്താലും അസൂയയാലും നാശപ്രായമാക്കിയെങ്കിലും അതുകൊണ്ടും തൃപ്തിപ്പെടാതെ അനേകായിരം ജനങ്ങൾ സംഘം ചേൎന്നു സമീപ സ്ഥലങ്ങളെ കൊള്ളയിട്ടും വൈദികരെ വധിച്ചും ചിലരെ ദേഹോപദ്രവമേല്പിച്ചും വന്നിരുന്നു. അവർ ദേവാലയങ്ങളിൽ നിന്നും വിശുദ്ധ പാത്രങ്ങളെ നശിപ്പിച്ചും തിരുവസ്ത്രങ്ങളെ മോഷ്ടിച്ചും വന്നു. സകലരും പ്രാണാപായത്തെ ഭയന്നു നടന്നിരുന്നു. ഈ നശീകര മാരിയെ ജനതതിയിൽനിന്നും ദൂരീകരിക്കുന്നതിനു ദൈവം ആയുധമായി തെരഞ്ഞെടുത്തതു് വിശുദ്ധ ദൊമ്മിനിക്കോസിനെ ആയിരുന്നു.




ഇവരെ മാനസാന്തരപ്പെടുത്തുന്നതിനു വിശുദ്ധ ദൊമ്മിനിക്കോസ് ഭഗീരഥ പ്രയത്നം ചെയ്തു. അദ്ദേഹം അവൎക്കുവേണ്ടി പ്രാൎത്ഥിച്ചു; അവൎക്കായി അനേകം പ്രാവശ്യം കണ്ണുനീർ ചിന്തി തപസ്സുചെയ്തു എങ്കിലും എല്ലാം വ്യൎത്ഥമായിപ്പരിണമിച്ചതേയുള്ളു. ഒരു ദിവസം അദ്ദേഹം പാപികളുടെ സങ്കേതമായ പരിശുദ്ധ മറിയത്തോടു അസാമാന്യ ഭക്തിയോടുകൂടി പ്രാൎത്ഥിച്ചുകൊണ്ടിരിക്കയിൽ വിശുദ്ധ കന്യക അദ്ദേഹത്തിനു പ്രത്യക്ഷയായി. അവൎണ്ണനീയമായ പ്രകാശത്തോടുകൂടി ദൈവജനനി തനിക്കു ദൃശ്യയായതു ബോംവോൺ എന്ന വനത്തിൽവച്ചായിരുന്നു. ഒരു ജപമാല തന്റെ കരങ്ങളിൽ പിടിച്ചുകൊണ്ടു പരിശുദ്ധ കന്യക ഇപ്രകാരം അരുളിച്ചെയ്തു. "ഓ! ദൊമ്മിനിക്കോസെ, നീ ധൈൎയ്യമായിരിക്ക. നിന്റെ വേലയുടെ ഫലങ്ങൾ അനവധിയായിരിക്കും. എന്റെ പുത്രൻ ആത്മാവുകളുടെ രക്ഷയിൽ എന്തുമാത്രം അത്യുത്സാഹത്തെ പ്രകടിപ്പിക്കുന്നുവെന്നു നിനക്കറിയാമല്ലൊ! തന്റെ "രക്ഷണീയ"ത്തിന്റെ ഫലം വെറുതെയാകുന്നതിനു തനിക്കു തീരെ ഇഷ്ടമില്ല. മാനുഷരക്ഷ, മാലാഖയുടെ മംഗലവാൎത്തയോടുകൂടി ആരംഭിച്ചു, ഗാഗുൽത്താ മലയിലെ ബലിയാൽ പൂൎത്തിയായിഎന്നും തന്റെ ഉത്ഥാനത്താലും സ്വൎഗ്ഗാരോഹണത്താലും സ്ഥിരീകരിക്കപ്പെട്ടുവെന്നും നീ ഓൎത്തുകൊൾക. ഇപ്പോൾ കാണപ്പെടുന്ന അനവധി തിന്മകളെ പരിഹരിക്കാനുള്ള ഏററവും നല്ല പോംവഴി കൎത്താവീശോമിശിഹായുടെ ജീവിത മരണ മഹിമകളെക്കുറിച്ചുള്ള ധ്യാനത്തിലും രക്ഷയുടെ ആരംഭമായ മംഗലവാൎത്താജപം ചൊല്ലുന്നതിലുമടങ്ങിയിരിക്കുന്നു" ഇതിന്റെശേഷം അവൾ ഈ പ്രാൎത്ഥന എങ്ങിനെ ചെയ്യണമെന്നു പറഞ്ഞിട്ടു വീണ്ടും തുടൎന്നു പറഞ്ഞതാവിതു്. "ഈ ദ

ക്തിയുടെ സ്വൎഗ്ഗീയ ജലത്തിൽ നനസ്സപ്പെടുന്നതുവരെ, ഭൂമി നിരുല്പാദകമായിരിക്കുന്നു. ഈ ഭക്തിയെ എനിക്കും എന്റെ പ്രിയ പുത്രനും ഏററവും പ്രിയമുള്ള ഒരു ഭക്താഭ്യാസമായിട്ടും, ഇടത്തുടിനെ ധ്വംസനം ചെയ്യുന്നതിനു ഏററവും വല്ലഭമുള്ള ആയുധമായിട്ടും തിന്മയെ നശിപ്പിക്കുന്നതിനും പുണ്യത്തെ സൎവ്വത്ര പ്രചരിപ്പിക്കുന്നതിനും, ദൈവകാരുണ്യത്തെ ലഭിക്കുന്നതിനും, എന്റെ സഹായാദരങ്ങൾ ഉണ്ടായിരിക്കുന്നതിനും ഏററവും നല്ല ഉപകരണമായിട്ടും എല്ലാ ക്രിസ്ത്യാനികളും സൎവ്വദാ പരിചയിച്ചു അഭ്യാസത്തിൽ കൊണ്ടുവരണമെന്നു നാം ആഗ്രഹിക്കുന്നു. ഇതു വഴിയായി വിശ്വാസികൾക്കു അനേക നന്മകൾ ലഭിക്കുകയും ചെയ്യും. നീ വഴിയായി ഭൂലോകത്തിനു കൊടുക്കേണ്ടതായ വിശേഷ ദാനം ഇതാണ്" ഈ സ്വൎഗ്ഗീയ ദൎശനത്താൽ പ്രേരിതനായി വിശുദ്ധ ദൊമ്മിനിക്കോസ് തുളൂസിലെ മെത്രാസനപ്പള്ളിയിൽ പ്രവേശിച്ചതോടുകൂടി പള്ളിമണികൾ താനെ അടിക്കുന്നതിനു തുടങ്ങി. ജനങ്ങൾ എല്ലാവരും വിസ്മയനീയമായ മണിനാദം കേട്ടു എന്തെന്നറിയാതെ പള്ളിയിൽ ഓടിക്കൂടി. കുറച്ചു സമയത്തിനുള്ളിൽ ആ വലിയ പള്ളി കത്തോലിക്കരെക്കൊണ്ടും ഇടത്തുട്ടുകാരെക്കൊണ്ടും നിറഞ്ഞു. വിശുദ്ധ ദൊമ്മിനിക്കോസ് പ്രസംഗപീഠത്തിൽ പ്രവേശിച്ചു ദൈവാരൂപിയുള്ള ഒരുവനെപ്പോലെ പ്രസംഗിച്ചുതുടങ്ങി. ദൈവത്തിന്റെ നീതിയേയും തന്റെ കല്പനകൾക്കു കീഴ്വഴങ്ങാത്തവൎക്കു കല്പിച്ചു തയ്യാറാക്കുന്ന ശിക്ഷയേയും കുറിച്ചു സംസാരിച്ചതിന്റെ ശേഷം പരിശുദ്ധ കന്യക തനിക്കു കാണപ്പെട്ടു കൊടുത്ത സ്വൎഗ്ഗീയ ദാനത്തെക്കുറിച്ചു പറയാൻ തുടങ്ങി. അതിനെപ്പററി സംസാരിച്ചതിന്റെ ശേഷം കൊന്തനമസ്കാരം തന്നോടുകൂടി എത്തിക്കുന്നതിനു പറഞ്ഞുകൊണ്ടു ഉച്ച സ്വരത്തിൽ പ്രാൎത്ഥിച്ചതിനോടേ ഇടത്തുട്ടുകാർ ഗൎവ്വംകൊണ്ടു പള്ളിയിൽനിന്നു വെളിക്കു ചാടാൻ തുടങ്ങി. എന്നാൽ അതിശയമേ! അവർ വെളിക്കിറങ്ങിയ ക്ഷണം ഭയങ്കരമായ ഇടിനാദവും കൽമഴയും ആരംഭിച്ചതിനാൽ വെളിക്കിറങ്ങിയവർ വീണ്ടും പള്ളിയിൽ ഭയത്തോടുകൂടി പ്രവേശിച്ചു പുണ്യവാനോടൊന്നിച്ചു മുട്ടിന്മേൽ നിന്നു പ്രാൎത്ഥിക്കുവാൻ തുടങ്ങി. ഹാ! അത്ഭുതമേ! അനേകായിരം പേർ ആ ക്ഷണത്തിൽ ഇടത്തുട്ടിൽനിന്നും മാനസാന്തരപ്പെട്ടു കത്തോലിക്കാ സഭയിൽ ചേൎന്നു. ഇതായിരുന്നു വിശുദ്ധ ജപമാലയുടെ പ്രഥമ വിജയം. സ്വല്പകാലത്തിനുള്ളിൽ വിശുദ്ധ ദൊമ്മിനീക്ക് തന്റെ വേല വിജയകരമായി പരിണമിക്കുന്നതു കണ്ടിരുന്നു. ചരിത്രകാരന്മാർ സാക്ഷിക്കുംവണ്ണം ഈ വിശുദ്ധൻ ഈ ഭക്തകൃത്യത്താൽ ഒരു ലക്ഷം ഇടത്തുട്ടുകാരെ മാനസാന്തരപ്പെടുത്തി. ഇങ്ങിനെ ആയിരുന്നു ജപമാലഭക്തിയുടെ ആരംഭം. ജപമാലയെന്നതു് ഈശോമറിയത്തിന്റെ ജീവിത സന്തോഷ ദുഃഖമഹിമകളെക്കുറിച്ചുള്ള ധ്യാനത്തോടുകൂടി ചില "ആകാശങ്ങളിൽ ഇരിക്കുന്നതും" "നന്മനിറഞ്ഞ മറിയവും" അടക്കിക്കൊള്ളുന്ന ഒരു ഭക്തകൃത്യമാകുന്നു. ക്രിസ്ത്യാനിവേദത്തിന്റെ ആരംഭദശയിൽ ഈജിപ്തിന്റെ വനാന്തരത്തിൽ തപോനിഷ്ഠയിൽ കാലം കഴിച്ചിരുന്ന സന്യാസികളുടെ ഇടയിൽ ഈ ഭക്ത കൃത്യത്തിന്റെ ഏതാണ്ടൊരു മാതിരിയുള്ള ഛായ പ്രചരിച്ചു വന്നതായി കാണുന്നു. "ബ്രെവിയാരിയും" സങ്കീൎത്തനങ്ങളും ചൊല്ലുവാൻ പാടില്ലാതിരുന്നവർ അത്രയും 'ആകാശങ്ങളിൽ' എന്ന നമസ്കാരം ചൊല്ലിവന്നിരുന്നു. ഇതിന്റെ എണ്ണം തിട്ടപ്പെടുത്തുന്നതിനു അവർ ചെറുകല്ലുകളൊ മുത്തുമണികളൊ ഉപയോഗിച്ചുവന്നിരുന്നു. കാലാന്തരത്തിൽ ഈ മുത്തുകളും മണികളും ഒരു ചരടിൽ കോൎത്തുകെട്ടി അങ്ങിനെ ഇപ്പോൾ കാണുന്ന ജപമാലയുണ്ടായി. എന്നാൽ പതിനഞ്ചു രഹസ്യങ്ങളടങ്ങിയ ജപമാലഭക്തി വിശുദ്ധ ദൊമ്മിനിക്കോസിൽനിന്നാണ് ആരംഭിച്ചതു്. ജപമാല നൂററമ്പതു് 'നന്മനിറഞ്ഞമറിയ'ത്താൽ കൂട്ടിച്ചേൎക്കപ്പെട്ടതാണല്ലൊ. ഈ നൂററമ്പതു 'നന്മനിറഞ്ഞമറിയ'വും ഈശോയുടെയും മറിയത്തിന്റെയും സന്തോഷ ദുഃഖമഹിമ ജീവിതങ്ങളുടെ സ്മാരകമായി മൂന്നായിട്ടു വിഭജിച്ചിരിക്കുന്നു.

ഇങ്ങനെ ഈ ദിവ്യരഹസ്യങ്ങളിൽ നമ്മുടെകർത്താവിൻേറയും പരിശുദ്ധകന്യകയുടേയും ജീവിതകാലത്തിലെ പ്രധാന ഘട്ടങ്ങളടങ്ങിയിരിക്കുന്നു. ആകയാൽ ഒരു പ്രകാരത്തിൽ ജപമാലയെ സുവിശേഷസംഗ്രഹമെന്നു വിളിക്കാം. ക്രിസ്തുവേദത്തിൻെറ പ്രചാരകർത്താവായും, മൂന്നു ദൈവിക പുണ്യങ്ങളേയും സംരക്ഷിച്ചു പുലർത്തുന്ന അമ്മയായും, അവിശ്വാസത്തെ ദൂരീകരിക്കുന്ന ആയുധമായും, ഇടത്തൂടിൻെറ നശീകരക്കോടാലിയായും, യാത്രാദുഃഖം തീർക്കുന്ന സഖിയായും, തിന്മയെ ദൂരീകരിക്കുന്ന അനിർവ്വാച്യവൈരിയായും, പരീക്ഷയാകുന്ന കടലിന്മീതെയുള്ള പാലമായും, യുദ്ധത്തിലെ മഹത്വജയക്കൊടിയായും, ദീനക്കാരുടെ മരുന്നായും, ബുദ്ധിയുടെ ദീപമായും, ദരിദ്രന്മാരുടെ സമ്പത്തായും, സകല ക്രിസ്ത്യാനികളുടേയും എത്താത്ത നിക്ഷേപമായും, വിധവകളുടെ വിടാത്ത ആശ്രയമായും നീതിമാന്മാരുടെ രക്ഷയായും, പിശാചിൻെറ ബദ്ധവൈരിയായും, വിരക്തിയുടെ രക്ഷണീയ മുദ്രയായും, വിവാഹ വിശ്വസ്തതയുടെ ശക്തസംരക്ഷണിയായും, സംസാരസാഗരത്തിലെ രക്ഷാകര തുറമുഖമായും, പാപികളുടെ സങ്കേതസ്ഥാനമായും, മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ വിശ്വസ്തമിത്രമായും, മോശയുടെ അത്ഭുതപ്രവർത്തകദണ്ഡായും സ്വർഗ്ഗരാജ്യമാർഗ്ഗദർശിയായ മേഘത്തൂണായും, ശിശുക്കളുടെ മധുരമുള്ള പാലായും, വൃദ്ധന്മാരുടെ ധൈര്യവും വല്ലഭവും ആയും, സ്വർഗ്ഗീയ സ്വർണ്ണതാക്കോലായും, വേദസാക്ഷികളുടെ അക്ഷയധീരതയായും, ലോകം പിശാചു ശരീരം എന്ന ശത്രുക്കളോടുള്ള യുദ്ധത്തിൽ വിശ്വാസികളുടെ കവചവും ആയുധവുമായും ഈ ജപമാല വിലസുന്നു. ജപമാലയുടെ പ്രസ്താവിത ലക്ഷണങ്ങളെയെല്ലാംതന്നെ ദൃഷ്ടാന്തപ്പെടുത്തുന്ന അനേക സംഭവങ്ങളുള്ളവയിൽനിന്ന് ഏതാനും ചുവടെ ചേർക്കുന്നു.

൧൬൩൦-ൽ ബൊലോഞ്ഞായിൽ വ്യാപിച്ചിരുന്ന വസന്തയെ നിറുത്തിയതു ജപമാലയായിരുന്നു. അതുപോലെ ൧൬൫൬-ൽ നേപ്പിൾസിലും, ൧൭൨൩-ൽ ലിസ്ബനിലും, ൧൬൫൦-ൽ തൊർത്താസായിലും, ൧൭൧൩-ൽ വിയന്നായിലും, ൧൮൩൨-ൽ പാരീസിലും വ്യാപിച്ചിരുന്ന സാംക്രമിക വ്യാധികളെ ഇല്ലാതാക്കിയതും ജപമാലയായിരുന്നു. ദരിദ്രന്മാരെ ധനവാന്മാരാക്കിയതും ജപമാലയത്രേ. ദീനത്തിൽനിന്നും ജപമാലയുടെ വല്ലഭത്താൽ സുഖംപ്രാപിച്ചവർ എത്ര പേർ? ഒരു ഭൂമികുലുക്കമുണ്ടായപ്പോൾ ഒരു തള്ളയും മകനും ഭൂമിയുടെ അടിയിൽ അകപ്പെട്ടുപോയി. കുറേനാൾ കഴിഞ്ഞശേഷം അവിടം പരിശോധനകഴിച്ചു കുഴിച്ചുനോക്കിയപ്പോൾ തള്ളയും കുട്ടിയും ജീവനോടിരിക്കുന്നതു കണ്ടവർ എന്തു ഭക്തകൃത്യമാണ് അവൾ ആചരിച്ചിരുന്നതെന്നു ചോദിച്ചതിന് ജപമാല ഒന്നുമാത്രമായിരുന്നെന്നായിരുന്നു അവളുടെ മറുപടി. ഹാ! എന്തു വല്ലഭമുള്ള ഒന്നാണ് ഈ ഭക്താഭ്യാസം. ഇതു ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ വിട്ടതൽ ചെയ്യുന്നതിനു ഏററം ഉതകുന്നതാകുന്നു. എല്ലാററിലും വിശേഷമായ പ്രാർത്ഥനപ്പുസ്തകവും ഇതുതന്നെയാണ്.

എന്നാൽ എളിമയോടും എരിവോടുംകൂടിവേണം കൊന്ത എത്തിക്കുവാൻ. അതോടുകൂടീ ജീവിതവും നന്നാക്കേണ്ടിയിരിക്കുന്നു. കൂടാതെയും മററുള്ളവരിൽനിന്നുമുള്ള ഉപദ്രവങ്ങളെ നാം ക്ഷമിക്കേണ്ടിയിരിക്കുന്നു. 'ജപമാലാ'ഭ്യാസം സൽകൃത്യങ്ങളോടൊന്നിച്ചു പോകണം. നാം അപേക്ഷിക്കുന്ന നന്മകൾ നമുക്കു കിട്ടുമെന്നുള്ള ദൃഢമായ വിശ്വാസം ഉണ്ടായിരിക്കണം. സ്ഥിര ചിത്തത്തോടുകൂടി ഈ ഭക്താഭ്യാസത്തിൽ നാം നിലനിൽക്കണം. പ്രത്യേകാൽ, ഭാഗ്യമായ ഒരു മരണം ലഭിക്കുന്നതിന് ഈ ഭക്തകൃത്യത്തെ അഭ്യസിക്കണം. "നീ ദിവസവും ഒരു നല്ലമരണത്തിനായി പ്രാർത്ഥിക്കണം, ദൈവം നിൻെറ അപേക്ഷയെ ദിവസവും കേൾക്കും." (സ്വാരസ്) "നമ്മുടെ അന്തിമവിനാഴികവരെ ഒരു ഭാഗ്യമരണത്തിനായി നാം അപേക്ഷിച്ചാൽ നിശ്ചയമായിട്ടും ഒരു ഭാഗ്യമരണം നമുക്കു പ്രാപിക്കാം." (ബെല്ലർമിൻ.) ആകയാൽ ഫലവത്തായതും വല്ലഭമുള്ളതുമായ ഭക്തകൃത്യത്തെ ജീവിതകാലത്തിൽ ഒരിക്കലും ഉപേക്ഷിക്കാതെ നമുക്കു നി

യ്പ്രഹിച്ചുകൊണ്ടുവരാം. എന്നാൽ പരിശുദ്ധ കന്യകയുടെ പ്രത്യേക സഹായം നമ്മിൽ ഉണ്ടാകും. നാം ഭാഗ്യപ്പെട്ട മരണം പ്രാപിക്കയും ചെയ്യും.

ഫാദർ ആൻറണി പെരയിരാ.

# യാക്കോബായ സഭയുടെ ഉത്ഭവം.

I.

ഏകവും പരിശുദ്ധവും ശ്ലീഹായ്ക്കടുത്തതുമായ കത്തോലിക്കാ തിരുസഭയുടെ ഐക്യത്തിൽനിന്ന് വേർപിരിഞ്ഞുപോയിട്ടുള്ള ഇടത്തൂട്ടുകൾ, പ്രായേണ എല്ലാ ശതാബ്ദങ്ങളിലും ഉണ്ടായിട്ടുണ്ടെന്നു ചരിത്രമുഖേന നാം അറിഞ്ഞിട്ടുള്ള ഒരു സംഗതിയാണ്. അവയിൽ എബിയനൈററ് (Ebionite), സെറിന്തിയൻ (Cerinthian), ഗ്നോസ്റ്റിക്ക് (Gnostic), ആരിയൻ (Arian), ഡോനേററിസ്റ്റ് (Donatist), പെലേജിയൻ(Pelagian) ആദിയായ മതവൈപരീത്യങ്ങൾ ക്രിസ്തീയ വേദാരംഭത്തിൻെറ ആദിമനൂററാണ്ടുകളിൽതന്നെ ഉത്ഭവിച്ചു എങ്കിലും അചിരേണ നാമാവശേഷങ്ങളായിത്തീൎന്നു. വേറേ ചിലതു കുറേക്കാലം പ്രാബല്യത്തോടുകൂടി പലയിടങ്ങളിലും പരന്നുപിടിച്ചതിൻെറശേഷം ഓരോ കാരണവശാൽ നന്നാ ശോഷിക്കുകയും, മുൻ ഐശ്വൎയ്യത്തോടുപമിച്ചാൽ തീരെ നിസ്സാരമായ ഒരവസ്ഥയെ പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇങ്ങനെയുള്ള ഇടത്തൂട്ടുകളിൽ ഒന്നു ക്രിസ്ത്വാബ്ദം ൪൨൮-ാമാണ്ടിടക്കു ഉത്ഭവിച്ച നെസ്തോറിസ് പാഷാണ്ഡമതവും, വേറൊന്നു ഏകദേശം ഇതേസമയത്തുതന്നെ ജാതമായ "ഏകസ്വഭാവ"മതവൈപരീത്യവുമാകുന്നു.

൪൩൧-ാമാണ്ടിൽ "എഫേസൂസി"ൽ കൂടിയ മൂന്നാമത്തെ പൊതുസൂനഹദോസിനാൽ ശപിക്കപ്പെട്ട നെസ്തോറിയൻ ഇടത്തൂടിനെക്കുറിച്ചു ഈയവസരത്തിൽ ഏതെങ്കിലും പറയേണമെന്നു കരുതുന്നില്ല. എന്നാൽ "ഏകസ്വഭാവ" അല്ലെങ്കിൽ "എവുത്തിക്കിയ" അല്ലെങ്കിൽ 'യാക്കോബായ' അഥവാ കേരളത്തിൽ ഇവരെ സാധാരണയായി വിളിക്കാറുള്ളതുപോലെ, "പുത്തൻകൂററു" ഇടത്തൂടിനെപ്പററി കുറഞ്ഞൊന്നു പ്രസ്താവിക്കുന്നതു സന്ദൎഭോചിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ആദ്യമായി തന്നെ യാക്കോബായ സഭയുടെ ഉത്ഭവം എങ്ങനെ എന്നു അന്വേഷിച്ചുനോക്കാം. എഫേസൂസ് പൊതുസൂനഹദോസുവരെ "ഏകസ്വഭാവ"വാദമൊ, അഥവാ "യാക്കോബായ"ശബ്ദമോ അല്ലെങ്കിൽ ഈ നൂതനവിശ്വാസത്തിന്നാസ്പദമായ തത്വമൊ (മ്ശിഹാ പിറന്നിട്ടു ൪൦൦കൊല്ലങ്ങളായിട്ടു) ക്രിസ്ത്യസഭയിലെങ്ങും കേൾക്കപ്പെട്ടിട്ടില്ല.

"യാക്കോബായ" ഇടത്തൂടിൻെറ സ്ഥാപകൻ ആരാണെന്നു ക്ലിപ്തമായി പറവാൻ നിവൃത്തിയില്ല. കൎത്താവിൽ വ്യത്യാസപ്പെട്ട രണ്ടാളുകൾ ഉണ്ടെന്നും, വി. കന്യകമറിയത്തെ മനുഷ്യ ആളായ ക്രിസ്തുവിൻെറ മാതാവെന്നല്ലാതെ ദൈവമാതാവെ (Theo Tokos) ന്നു വിളിക്കാൻ പാടില്ലെന്നും നെസ്തോറിസ് പഠിപ്പിച്ചപ്പോൾ, ക്രിസ്തീയസഭ സെലസ്തീനോസു പാപ്പായുടെ കീഴിൽ എഫേസൂസിൽ ഒരു പൊതുസൂനഹദോസായി കൂട്ടുകയും നെസ്തോറിസിൻെറ അബദ്ധ പഠനങ്ങളെ ശപിക്കുകയും, കന്യകമറിയത്തെ ദൈവമാതാവെന്നു തന്നെ വിളിക്കണമെന്നു വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്തു. എന്നാൽ പിന്നീടു ഇങ്ങനെ പഠിപ്പിച്ചവരിൽ ചിലർ നെസ്തോറിയൻ ഇടത്തൂടിനോടുള്ള അധിക വെറുപ്പുകൊണ്ട്, നെസ്തോറീസു, കൎത്താവിൽ വെവ്വേറെയുള്ള രണ്ടാളുകൾ ഉണ്ടെന്നു പഠിപ്പിച്ചതിന്നു നേരെ വിപരീതമായി കൎത്താവ് ഏക ആളാകുന്നുവെന്നു പഠിപ്പിച്ചതുകൂടാതെ, കൎത്താവിൻെറ ദൈവികസ്വ

ഭാവവും, മനുഷ്യസ്വഭാവവും തമ്മിലുള്ള സ്പഷ്ടമായ വ്യത്യാസത്തെക്കൂടെ വിസ്മരിച്ച്, കർത്താവു ഏകസ്വഭാവമുള്ള ആളാണെന്നു കൂടി പഠിപ്പിച്ചു. കടലിലുള്ള ജലപ്രവാഹത്തിൽ ഒരു തുള്ളി വീണ്ടു എങ്ങനെ കലങ്ങി ഏകദേശം ഇല്ലാതെയായിപ്പോകുമോ, ഇതുപോലെതന്നെ മ്ശിഹായുടെ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ അമർന്നു രണ്ടുംകൂടി ഒന്നായി, ഒടുവിൽ ദൈവസ്വഭാവമെന്ന ഏകസ്വഭാവംമാത്രമെ കർത്താവിൽ ഉണ്ടായിരിക്കുന്നുള്ളു എന്നു ഈ പുതിയ കൂട്ടർ വാദിച്ചു. ഈ വാദത്തിൽനിന്ന് "ഏകസ്വഭാവവാദികൾ" എന്നു പേരു ഇവർക്കു ലഭ്യമായി. എന്നാൽ കർത്താവിന്റെ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചുപോയെങ്കിൽ, കർത്താവിനു ശരിയായ മനുഷ്യസ്വഭാവം ഇല്ലാതിരിക്കമെന്നും, കർത്താവിനെ ന്യായമായി ഒരു മനുഷ്യനെന്നു വിളിക്കാൻ പാടില്ലെന്നുമുള്ള തത്വത്തെ അവർ ഗ്രഹിച്ചിരുന്നില്ല. ഇവരുടെ പുതിയ വാദം "അപ്പോലിനാറിസ്റ്റ്" എടത്തൂടിന്റെയും, അതിലും പഴക്കമുള്ള "ഡൊക്കേററസ്" എടത്തൂടിന്റെയും ഒരുവക ഭേദം മാത്രമായിരുന്നു. ഈ പഴയ എടത്തൂട്ടുകൾ രണ്ടും, കർത്താവിന്റെ മാനുഷത്വം, ജനനം, ജീവിതം, മരണം എതുകൾ എല്ലാം ആസ്തിക്യമില്ലാത്ത വെറും കാഴ്ചകൾ മാത്രമായിരുന്നെന്നു വാദിച്ചിട്ടുണ്ടായിരുന്നു. ഏവംവിധങ്ങളായ ആശയങ്ങളേയും, തത്വങ്ങളേയും ഈ പുതിയ കൂട്ടർ സ്വീകരിച്ചതോടുകൂടി "ഏകസ്വഭാവവാദ"മെന്ന പുതിയ എടത്തൂടും ജാതമായി.

ഇവരുടെ ജന്മനാടു എജിപ്തുദേശമായിരുന്നു. അലക്സാന്ത്ര്യായിലെ മാർ കുറില്ലോസ് പാത്രിയർക്കീസിനെയാണ് അദ്ദേഹത്തിന്റെ മരണാനന്തരം അവരുടെ സ്ഥാപകനായി ഇവർ വണങ്ങിയിരുന്നത്. എന്നാൽ മാർ കുറില്ലോസ് അന്തിയോക്യായിലെ യോഹന്നാൻ പാത്രിയർക്കീസുമായി സമാധാനമായിക്കൊണ്ടു അദ്ദേഹത്തിന്റെ വിശ്വാസപ്രമാണത്തെ അംഗീകരിച്ചപ്പോൾ, തന്റെ ചില പിൻഗാമികൾ, തന്നെ വിട്ടുപേക്ഷിച്ചു. ഇവരായിരുന്നു ത്രിതിരുസ്സഭയിൽ ആദ്യമായുണ്ടായ "ഏകസ്വഭാവ"വാദികൾ.

എന്നാൽ ൪൪൪–ൽ മാർ ക്കുറില്ലോസ് മരിച്ചപ്പോൾ, അദ്ദേഹത്തിന്റെ അർക്കദ്യാക്കോനായിരുന്ന "ദയാസ്കോർസ്" അലക്സാന്ത്രിയാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. ഇയ്യാളായിരുന്നു ഏകസ്വഭാവവാദികളുടെ വാസ്തവിക തലവൻ. അലക്സാന്ത്രിയസിംഹാസനത്തിൽ ഇതുപോലൊരു പുരുഷൻ സ്ഥാനാരൂഢനായി പിന്നീടിരുന്നിട്ടുണ്ടോ എന്നു സംശയമാണ്. ഇയാൾ മാർ ക്കുറില്ലോസിന്റെ അവകാശികളുടെ സ്വത്തുക്കളെല്ലാം കരസ്ഥമാക്കി; * ജനങ്ങൾ ഇദ്ദേഹത്തിന്റെ വരവിനെ ഭയന്നു ഓടിഒളിച്ച് അവരുടെസ്വത്തുക്കളെ ഒളിച്ചുവയ്ക്കുക പതിവായിരുന്നു. പട്ടക്കാരെ ഇയാൾ പലവിധത്തിൽ പീഡിപ്പിച്ചു; ഇയാൾ നന്നാ പരസ്യമായ ദുർമ്മാർഗ്ഗജീവിതം കഴിച്ചു. ഇയാളായിരുന്നു "ഏകസ്വഭാവ"വാദികളുടെ ആദ്യത്തെ തലവൻ.

ഈ തർക്കവാദങ്ങളിൽ കത്തോലിക്കരുടെ നില മാർ കുറില്ലോസും അന്തിയോക്കിയായിലെ യോഹന്നാൻ പാത്രിയർക്കീസുംകൂടി സമ്മതിച്ച വിശ്വാസപ്രമാണമാണെന്നു നാം മുമ്പു പ്രസ്താവിച്ചുവല്ലൊ. അതിൽ മ്ശിഹാ ഏക ആളാകുന്നുവെങ്കിലും നന്നാ വ്യത്യാസപ്പെട്ട രണ്ടു സ്വഭാവങ്ങൾ ഇദ്ദേഹത്തിനുണ്ട് എന്നു പ്രസ്താവിച്ചിരുന്നു. എന്നാൽ ഈ പ്രസ്താവന നെസ്തോറിയ ഇടത്തൂടിനു അനുകൂലമാണെന്നു ചിലർ ശഠിക്കാതിരുന്നില്ല. ഇവരിൽ പ്രധാനി കൊൺസ്റ്റാൻറിനോപ്പളിയ്ക്കടുക്കലുള്ള ഒരു വലിയ സന്ന്യാ

---

* വട്ടിപ്പണക്കേസ്സിലെ വിധിയിൽ, അന്ത്യോക്യായിലെ അബ്ദുള്ളാപാത്രിയർക്കീസിനെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു. "അബ്ദുള്ളാ പാത്രിയർക്കീസു അത്യാഗ്രഹിയും തന്നിഷ്ടക്കാരനും ദ്രവ്യാഗ്രഹിയും വിശ്വാസത്യാഗം ചെയ്യയാളും ആകുന്നു. മാർഗ്ഗകാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം ഏത്രയും ലഘുവാണ്" ൧൯൧൩ സെപ്ററമ്പർ ൧൩–ാംനു–ലെ മ. മനോരമ നോക്കുക.

സാശ്രമ ശ്രേഷ്ഠനായിരുന്ന എവുത്തുക്കേസ് എന്ന ദേഹമായിരുന്നു.

ഇയാൾ എഫെസൂസ് സൂനഹദോസിൽവച്ച് മാർ കുറില്ലോസിൻെറ ഭാഗത്തുനിന്നു നെസ്തോറിയക്കു എതിരായി ധീരതയോടെ പോരാടീട്ടുണ്ടായിരുന്നു. ഇദ്ദേഹത്തിൻെറ കീഴിൽ മുന്നൂറിലധികം സന്ന്യാസികൾ ജീവിച്ചിരുന്നു. ഇയാൾ ഒരു ജനസ്വാധീനമുള്ള ആളും രണ്ടാമത്തെ തിയോഡോഷിയസ് എമ്പ്രദോരിൻെറ പ്രധാന മന്ത്രിയായ ക്രിസാഫിയോസിൻെറ ഉററ സ്നേഹിതനുമായിരുന്നു. രാജധാനിയിൽ ഇയാൾക്കു ധാരാളം സ്നേഹിതന്മാരുണ്ടായിരുന്നെന്നു മാത്രമല്ല, എജിപ്തിലെ പാത്രിയാർക്കീസായ 'ഡയസ്കോറി'ൻെറ സഹായസഹകരണങ്ങളും ഇയാൾക്കുണ്ടായിരുന്നു.

ഇയാളുടെ അഭിപ്രായം എന്തെന്നാൽ മ്ശിഹായിൽ രണ്ടു സ്വഭാവങ്ങളും പരിപൂർണ്ണമായി കൂടിച്ചേൎന്ന് ഒടുവിൽ ദൈവസ്വഭാവമെന്ന ഏകസ്വഭാവമായി തീൎന്നു എന്നായിരുന്നു. ഇതിൽ അന്തർഭവിച്ചിരിക്കുന്ന അനുമാനം, കർത്താവിന്നു നമുക്കുള്ളതുപോലെ മനുഷ്യസ്വഭാവം ഇല്ലായിരുന്നെന്നാണല്ലൊ. എന്നുതന്നെയല്ല, കർത്താവു വാസ്തവമായി ഒരു മനുഷ്യനല്ലായിരുന്നു എന്നും സയുക്തികമായി അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ അബദ്ധപ്രസ്താവന വേദവാക്യങ്ങൾക്കും യുക്തിക്കും വിപരീതമാണെന്നു അല്പം ആലോചിച്ചാൽ കാണാവുന്നതാണ്. എബ്രായക്കാൎക്കുള്ള ലേഖനം ൪. ൧൫-ൽ "നമ്മുടെ ശ്രേഷ്ഠപുരോഹിതൻ പാപമൊഴിച്ചു മറെറല്ലാ സംഗതികളിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ട ഒരാളാ"യിരുന്നെന്നു പറയപ്പെട്ടിരിക്കുന്നു. പിന്നെയും ൧. കൊറി. ൧൫, ൨൧. "എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ മുഖാന്തിരം മരണം എല്ലാവൎക്കും വന്നുകൂടിയതുപോലെതന്നെ, വേറൊരു മനുഷ്യൻ മൂലം എല്ലാ മനുഷ്യൎക്കും മാംസോത്ഥാനമുണ്ടായി. ആദം മുഖാന്തിരം എല്ലാ മനുഷ്യരും എങ്ങനെ മരിച്ചുവൊ, അതുപോലെതന്നെ മ്ശിഹാമൂലം എല്ലാ മനുഷ്യരും രക്ഷിക്കപ്പെട്ടു." വീണ്ടും റോമാ. ൫. ൧൭. "ഒരാളുടെ കുററംകൊണ്ടു വളരെപ്പേർ മരിച്ചുവെങ്കിൽ, ഈശോ മ്ശിഹാ എന്ന ഒരു മനുഷ്യൻെറ അനുഗ്രഹത്താൽ ദൈവപ്രസാദവും ദൈവദാനവും എല്ലാ മനുഷ്യരിലും ഉണ്ടായി." പിന്നെയും ൧. തിമൊത്തി. ൨. ൫. "എന്തുകൊണ്ടെന്നാൽ ഒരു ദൈവമേയുള്ളു; ദൈവവും മനുഷ്യനും തമ്മിലുള്ള മദ്ധ്യസ്ഥനായിട്ടു ഈശോമ്ശിഹാ എന്ന മനുഷ്യനുമുണ്ട്." ഇതിലധികം വ്യക്തമായിട്ടു കർത്താവു മനുഷ്യനായിരുന്നെന്നു വേദപുസ്തകത്തിൽ എങ്ങനെയാണ് പറയുക.

യുക്തികൊണ്ടു നോക്കുകയാണെങ്കിലും ഈ പുതിയ വാദത്തിൻെറ അടിസ്ഥാനരാഹിത്യം ധാരാളം വെളിപ്പെട്ടുന്നുണ്ട്. മ്ശിഹാ വാസ്തവമായി ഒരു മനുഷ്യനല്ലായിരുന്നുവെങ്കിൽ, അതായത് മ്ശിഹായ്ക്കു നമ്മെപ്പോലുള്ള ഒരു ശരിയായ മനുഷ്യസ്വഭാവം ഇല്ലാതിരുന്നുവെങ്കിൽ നമുക്കു "രക്ഷണീയം" കിട്ടിയിട്ടില്ല. എങ്ങനെയെന്നാൽ മനുഷ്യൻ ചെയ്ത പാപത്തിന്ന് മനുഷ്യൻതന്നെ ഉത്തരിക്കേണ്ടത് യുക്തിയുക്തമാണ്. അങ്ങനെ ചെയ്യുകിൽ മാത്രമെ ആദിമനുഷ്യൻ ചെയ്ത കുററത്തിന്ന് പരിഹാരമാകയുള്ളു. മ്ശിഹാ ദൈവവുംകൂടിയായിരുന്നെങ്കിൽമാത്രമെ തൻെറ പരിഹാരം ദൈവത്തിന്നുതക്ക വിലയുള്ളതായിരിക്കയുള്ളു. അതുകൊണ്ടാണ് മ്ശിഹാ പൂൎണ്ണമായ മനുഷ്യനുമെന്നു തിരുസഭ നമ്മേ പഠിപ്പിക്കുന്നത്. എന്നാൽ എവുത്തിക്കേസും കൂട്ടരും ഈ തത്വത്തെ ഗ്രഹിച്ചിരുന്നില്ല നെസ്തോറിയരോടുള്ള അമിതമായ ദ്വേഷത്താൽ നേരെ വിപരീതവും അതിലും കഠിനതരവുമായ ഒരു ഇടത്തൂടാണു അവർ പഠിപ്പിക്കുന്നതെന്നു അപ്പോൾ അവർ അറിഞ്ഞിരുന്നില്ല.

ഫാദർ ജെ. സി. പഞ്ഞിക്കാരൻ എം. ഏ.

---

ക്രിസ്തുമതം സ്വീകരിക്കുന്ന താണജാതിക്കാരെ "മാൎക്കവാതി" എന്നും മററും വിളിച്ചു വല്ലവരും ആക്ഷേപിക്കുന്നുണ്ടെങ്കിൽ അതു അവിവേകമായ ഒരു പ്രവൃത്തിയാണെന്നു പറയാതെ നിവൃത്തിയില്ല. അവരെ അകററുന്നതിനു ഇതിൽ കൂടുതലായി മറെറാന്നും വേണ്ടാ.

ന. സ്റ്റാ.

# വേദപുസ്തക പാരായണം.

മലയിലെ പ്രസംഗം.

മനുഷ്യർ കാണുന്നതിന്നുവേണ്ടി അവരുടെ മുമ്പാകെ നിങ്ങളുടെ നീതിയെ ചെയ്യാതിരിപ്പാൻ നിങ്ങൾ സൂക്ഷിച്ചുകൊൾവിൻ; അല്ലെങ്കിൽ സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻപക്കൽ നിങ്ങൾക്കു പ്രതിഫലമുണ്ടാകയില്ല. ആകയാൽ നീ ധൎമ്മം ചെയ്യുമ്പോൾ, കപടഭക്തിക്കാർ മനുഷ്യരാൽ സ്തുതിക്കപ്പെടുന്നതിന്നുവേണ്ടി ജപസ്ഥാനങ്ങളിലും തെരുവീഥികളിലും ചെയ്യുന്നതുപോലെ, നിന്റെ മുമ്പാകെ കുഴൽ വിളിക്കരുത്. അവർ അവരുടെ പ്രതിഫലം പ്രാപിച്ചു എന്നു സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. നീ ധൎമ്മം ചെയ്യുമ്പോൾ നിന്റെ വലതുകൈ എന്തു ചെയ്യുന്നു എന്നു ഇടതുകൈ അറിയരുത്. ഇതു നിന്റെ ഔദാൎയ്യം രഹസ്യമായിരിക്കുന്നതിന്നും, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു് പരസ്യത്തിൽ നിനക്കു പ്രതിഫലം നൽകുന്നതിന്നും വേണ്ടിയത്രേ.' (മത്തായി ൬. ൧, ൪.)

"നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ, മനുഷ്യർ കാണുവാനായിട്ടു് ജപസ്ഥാനങ്ങളിലും തെരുവീഥികളുടെ കോണുകളിലും നിന്നുകൊണ്ടു പ്രാൎത്ഥിപ്പാൻ ഇഷ്ടപ്പെടുന്ന കപടഭക്തിക്കാരെപ്പോലെ ആകരുത്; അവൎക്കു അവരുടെ പ്രതിഫലം കിട്ടിയിരിക്കുന്നു എന്നു സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. എന്നാൽ നീ പ്രാൎത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ പ്രവേശിച്ചു്, വാതിൽ അടച്ചു് രഹസ്യത്തിൽ നിന്റെ പിതാവിനോടു പ്രാൎത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു് പരസ്യത്തിൽ നിനക്കു പ്രതിഫലം നൽകും. എന്നാൽ നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ, അജ്ഞാനികളെപ്പോലെ അധിക കഥനം പ്രയോഗിക്കേണ്ട; എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ അധിക കഥനത്താൽ കേൾക്കപ്പെടുന്നു എന്നു വിചാരിക്കുന്നു. നിങ്ങൾ അവൎക്കു തുല്യരാകരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പിതാവിനോടു നിങ്ങൾ ചോദിക്കുന്നതിന്നു മുമ്പേതന്നെ നിങ്ങൾക്കു എന്തു ആവശ്യമാകുന്നുവെന്നു അങ്ങുന്നു അറിഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങൾ ഇപ്രകാരം പ്രാൎത്ഥിപ്പിൻ. "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ! നിൻ (തിരു) നാമം ശുദ്ധമാകപ്പെടണം; നിന്റെ രാജ്യം വരേണം; നിന്റെ (തിരു) മനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലും ആകണം. ഞങ്ങളുടെ അന്നന്നെ അപ്പം ഇന്നു ഞങ്ങൾക്കു തരിക; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്ക; ഞങ്ങളെ പരീക്ഷയിൽ പൂകിക്കല്ലേ; വിശേഷിച്ചു തിന്മയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊൾക; എന്തുകൊണ്ടെന്നാൽ രാജ്യവും, ശക്തിയും, സ്തുതിയും എന്നേക്കും നിന്റേതാകുന്നു. † ആമ്മേൻ. എന്നാൽ മനുഷ്യരോടു അവരുടെ കുററങ്ങളെ നിങ്ങൾ പൊറുക്കുമെങ്കിൽ, സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് നിങ്ങളുടെ കുററങ്ങളെ നിങ്ങളോടും പൊറുക്കും; എന്നാൽ മനുഷ്യരോടു നിങ്ങൾ പൊറുക്കയില്ലെങ്കിൽ, നിങ്ങളുടെ പിതാവു് നിങ്ങളുടെ കുററങ്ങളെ നിങ്ങളോടും പൊറുക്കയില്ല." (മത്തായി ൬. ൫-൧൫.)

"പിന്നെയും നിങ്ങൾ ഉപവസിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ദുഃഖഭാവമുള്ളവരായിരിക്കരുത്. എന്തുകൊണ്ടെന്നാൽ അവർ ഉപവസിക്കുന്നവരായി മനുഷ്യൎക്കു കാണപ്പെടുവാൻവേണ്ടി, അവർ അവരുടെ മുഖങ്ങളെ വിരൂപമാക്കുന്നു. അവൎക്കു അവരുടെ പ്രതിഫലം കിട്ടിയിരിക്കുന്നു എന്നു സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. എന്നാൽ

---

† സുറിയാനിയിലും ഗ്രീക്കിലും ഈ വാക്യം കൂടിയുണ്ടു്. ലത്തീൻ പ്രതിയിൽ ഇതില്ല. ഇതിൽ അപേക്ഷയുടെ ഭാഗമില്ല; ഒരു മുഖാന്തിരം കാണിക്കപ്പെടുന്നതേയുള്ളു.

നീ ഉപവസിക്കുമ്പോൾ, നിന്റെ തലയിൽ തൈലംപൂശുകയും നിന്റെ മുഖം കഴുകുകയും ചെയ്ക. (ഇതു) നീ ഉപവസിക്കുന്നവനായി, മനുഷ്യൎക്കല്ല, രഹസ്യത്തിൽ നിന്റെ പിതാവിന്നു കാണപ്പെടുവാനായിട്ടത്രേ. അപ്പോൾ രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു് നിനക്കു പ്രതിഫലം നൽകും." (മത്തായി ൬ ൧൭, ൧൮.)

"ചിതലും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങളെ സംഭരിക്കേണ്ട. എന്നാൽ ചിതലെങ്കിലും തുരുമ്പെങ്കിലും കെടുക്കുന്നില്ല, കള്ളന്മാർ തുരന്നു മോഷ്ടിക്കുന്നുമില്ല എന്ന സ്ഥലമായ സ്വൎഗ്ഗത്തിൽ നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചുകൂട്ടുവിൻ. എന്തുകൊണ്ടെന്നാൽ നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും ഇരിക്കും. നിന്റെ ശരീരത്തിന്റെ വിളക്കു കണ്ണാകുന്നു. നിന്റെ കണ്ണു കളങ്കമററതായിരിക്കുമെങ്കിൽ, നിന്റെ ശരീരം മുഴുവനും പ്രകാശമുള്ളതായിരിക്കും. എന്നാൽ നിന്റെ കണ്ണു കേടുള്ളതായിരിക്കുമെങ്കിൽ നിന്റെ ശരീരം മുഴുവനും ഇരുട്ടുള്ളതാകും. എന്നിരിക്കെ നിന്നിലുള്ള വെളിച്ചം ഇരുളാകുന്നുവെങ്കിൽ ഇരുൾതന്നെ എത്ര വലിയതാകും?" (മത്തായി ൬. ൧൯–൨൩.)

"രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരുത്തൎക്കും സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ, ഒന്നുകിൽ അവൻ ഒരുത്തനെ വെറുത്തു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു ചേൎന്നു മററവനെ നിന്ദിക്കും. നിങ്ങൾക്കു ദൈവത്തേയും ധനത്തേയും സേവിപ്പാൻ സാധിക്കയില്ല. അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ നിങ്ങളുടെ ജീവനേക്കുറിച്ചു എന്തു ഭക്ഷിക്കേണ്ടുവെന്നോ, നിങ്ങളുടെ ശരീരത്തേക്കുറിച്ചു എന്തു ഉടുക്കേണ്ടുവെന്നോ വിചാരപ്പെടേണ്ട. ഭക്ഷണത്തേക്കാൾ ജീവനും, ഉടുപ്പിനേക്കാൾ ശരീരവും വിശേഷമുള്ളതല്ലയോ? ആകാശത്തിലുള്ള പക്ഷികളെ നിങ്ങൾ നോക്കുവിൻ. എന്തെന്നാൽ അവ വിതക്കുന്നില്ല, കൊയ്യുന്നുമില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നുമില്ല; എന്നാലും നിങ്ങളുടെ സ്വൎഗ്ഗസ്ഥനായ പിതാവു് അവയെ പോഷിപ്പിക്കുന്നു. അവയേക്കാൾ നിങ്ങൾ ശ്രേഷ്ഠതയുള്ളവരല്ലയോ? നിങ്ങളിൽ ആൎക്കു ചിന്താകുല്യംകൊണ്ടു തന്റെ ശരീര അളവിൽ ഒരുമുളം കൂട്ടുവാൻ സാധിക്കും? പിന്നെയും ഉടുപ്പിനേക്കുറിച്ചു് നിങ്ങൾ എന്തിന്നു വിചാരപ്പെടുന്നു? വയലിലെ ലീലിപുഷ്പങ്ങൾ എങ്ങിനെ വളരുന്നു എന്നു സൂക്ഷിപ്പിൻ. അവ അദ്ധ്വാനപ്പെടുന്നുമില്ല, നൂൽനൂക്കുന്നുമില്ല. എന്നാൽ സ്ലോമോൻ കൂടെയും തന്റെ സൎവ്വമഹത്വത്തിൽ അവയിൽ ഒന്നുപോലെ അണിഞ്ഞിട്ടില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു. അപ്പഴെ ഇന്നുണ്ടായിരിക്കുന്നതും നാളെ തീയിൽ ഇടപ്പെടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇപ്രകാരം അണിയിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ! നിങ്ങളെ താൻ എത്ര അധികമായി പാലിക്കും? ആകയാൽ നിങ്ങൾ, നാം എന്തുതിന്നും എന്നോ, നാം എന്തു കുടിക്കും എന്നോ, നാം എന്തു ഉടുക്കും എന്നോ ചൊല്ലി അധികം വിചാരപ്പെടേണ്ട. ഇവ ഒക്കെയും അജ്ഞാനികൾ അന്വേഷിക്കുന്നു. നിങ്ങളുടെ പിതാവൊ എന്നാൽ ഇവയെല്ലാം നിങ്ങൾക്കു ആവശ്യമാകുന്നു എന്നു അറിഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങൾ ആദ്യമെ ദൈവത്തിന്റെ രാജ്യത്തേയും അങ്ങേ നീതിയേയും അന്വേഷിപ്പിൻ; അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു കൂട്ടതലായി നൽകപ്പെടും. അതുകൊണ്ടു നാളേക്കുവേണ്ടി വിചാരപ്പെടാതെ ഇരിപ്പിൻ; എന്തെന്നാൽ നാളത്തെ ദിവസംതന്നെ അതിനുവേണ്ടി വിചാരപ്പെട്ടുകൊള്ളും. അതതു ദിവസത്തേക്കു അതതിന്റെ കഷ്ടതമതി." (മത്തായി ൬. ൨൪–൩൪)

ഫാദർ അലക്സാണ്ടർ സി. ഡി.

---

"എന്റെ സൎവ്വേശ്വരാ! സ്വൎഗ്ഗരാജ്യമില്ലെന്നിരുന്നാലും അങ്ങേ ഞാൻ സ്നേഹിക്കയും നരകമില്ലെന്നിരുന്നാലും അങ്ങേ ഞാൻ ഭയപ്പെടുകയും ചെയ്വാൻ തക്കവണ്ണം അങ്ങേ സ്നേഹം എന്നെ പ്രേരിപ്പിക്കുന്നു."

വിശുദ്ധ ത്രേസ്യം.

(തിരുനാൾ ൧൫–ാംനു–)

# ശ്രീയേശുവിജയം. (മലയാളമഹാകാവ്യം.)

(തുടർച്ച)

തരത്തിലിപ്പഴത്തിൻെറ
വരതത്വമറിഞ്ഞവൻ
പരക്തണവാനീഷ്യാ
ഭരത്താരസമ്മതിച്ചിടാ 83.

ഉള്ളസത്യംപറഞ്ഞിടാം
കള്ളമെള്ളോളമില്ലിതിൽ
ഉള്ളംതെളിഞ്ഞു നീ കേട്ടു
കൊള്ളണംകമലേക്ഷണെ 84.

ഇളമാൻമിഴിനിന്നോടു
കളവോതുന്നതെന്തിനായ്
അളവററുള്ളൊരൈശ്വര്യം
വിളയിച്ചീടുമിമരം 85.

ഈ മരത്തിൻപഴംതിന്നാൽ
ക്ഷേമംനിങ്ങൾക്കുമേൽക്കുമേൽ
താമസിക്കാതണഞ്ഞിട്ടാ
ക്കേമൻദൈവന്നുതുല്യരാം 86.

കിടക്കുടാതിരിപ്പാനീ
തടവുണ്ടാക്കിതമ്പുരാൻ
അടവാണൊക്കെയെന്നോർക്കെൻ
മടവാരണിമാലികെ. 87.

അനുവാസരമന്യേഷ്ട
മനുവത്തിച്ചിതേവിധം
അനുഭാവംവൃഥാ നിങ്ങൾ
തനുവാക്കുന്നതത്ഭുതം 88.

വനിതാരത്നമേവേഗം
ജനിസാഫല്യമെത്തുവാൻ
ഇനിപ്പഴംപറിച്ചാലും
കുനിക്കാം കൊമ്പിതോമലെ 89.

ഉന്നതിക്കാശതെല്ലപ്പോൾ
തന്നകത്തങ്കുരിക്കയാൽ
പന്നഗോക്തികൾ നേരെന്നാ
സ്സന്നതാംഗിനിനച്ചുപോയ് 90.

ആശയാലുള്ളഭ്രഷ്ടാല
പാശത്തിൽപെട്ടുമൂഢയായ്
നാശമുണ്ടാക്കുമപ്പഴം
പേശലാംഗിപറിച്ചുടൻ 91.

ഒന്നുരണ്ടപ്പൊഴെതന്നെ
തിന്നുസംഭ്രാന്തചിത്തയായ്
ചെന്നുപിന്നിട്ടു കണവൻ
തന്നുപാന്തത്തിലേക്കവൾ 92.

അഴലിൻമൂലമായോരാ
പ്പഴംകണ്ടുവിഷണ്ണനായ്
കുഴങ്ങിക്കാന്തയോടാദ—
മുഴറിച്ചൊല്ലിയിങ്ങനെ 93.

നടുക്കുനില്ക്കുംവൃക്ഷത്തി—
നടുക്കൽപോയതെന്തുനീ
കെടുക്കുമിപ്പഴംകയ്യി
ലെടുക്കാനെന്തുകാരണം? 94.

അറിവററെന്തിനിപ്പഴം
വെറിപൂണ്ടുപറിച്ചുനീ
എറികായതുദൂരത്തെൻ
മറിമാൻമിഴിവല്ലഭേ. 95

ആദത്തിൻനിലയും നോക്കും
ഖേദവുംകണ്ടൊരാക്ഷണം
തോദമുള്ളിലുദിച്ചേററം
സാദമത്തന്വിതേടിനാൾ 96.

ചിറകററകിളിക്കൊപ്പം
വിറപൂണ്ടിടറിത്തദാ
മുറക്കപാമ്പിൻവാക്കെല്ലാം
പറഞ്ഞുപതിയോടവൾ 97.

ഇടിവാർന്നമനസ്സോടും
വടിവററാതിമാനുഷൻ
മുടിവുണ്ടായി നാം മണ്ണി—
ലടിവാൻപാമ്പിനാശയോ. 98.

പരമാദരമൊത്തീനാം
പരമാത്മാവുതൻമതം
പരമാർത്ഥത്തൊടോർക്കേണം
പരമെന്തുണ്ടൊരാശ്രയം. 99.

ഉരഗോക്തികൾകേട്ടാജ്ഞ
നിരസിച്ചിപ്പഴംപ്രിയെ
സരസംനാമശിച്ചെന്നാൽ
മരണംക്ഷണമെത്തിടും 100.

വനിതാരത്നമീവണ്ണം
സനിശ്വാസംപറഞ്ഞുടൻ
ഇനിയാപ്പേടിവേണ്ടൊട്ടു
മെനിക്കായതു ബോദ്ധ്യമായ് 101.

അഴലൊത്തുടനാദംകാർ
കുഴലാളൊടുചൊല്ലിനാൻ
പിഴചെയ്യുകഴിഞ്ഞോനീ
പഴമയ്യോഭുജിച്ചിതോ? 102.

മതികെട്ടിന്നു നീ പാമ്പിൻ
ചതിയിൽചെന്നുചാടിയോ?
ഗതിയെന്താണിനിത്താപ
മെതിരററണകില്ലയോ? 103.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

# എല്ലാമതവും ഒന്നുതന്നെ.

"സൎവ്വ മതങ്ങളും സത്യമാണ്. അവയെല്ലാം സകല ചരാചരങ്ങളുടെയും സൃഷ്ടികൎത്താവും, ശിക്ഷാരക്ഷകനും ഏകനും സത്യസ്വരൂപനുമായ സൎവ്വേശ്വരനിലേയ്ക്കു മനുഷ്യരെ നയിപ്പിക്കുന്ന വിവിധ മാൎഗ്ഗങ്ങൾ മാത്രമാണ്. ആകയാൽ ഒരുത്തനു പാരമ്പൎയ്യമായി സിദ്ധിച്ചിട്ടുള്ള മതത്തെ ഉപേക്ഷിച്ച് മററൊന്നിനെ സ്വീകരിക്കേണ്ട ആവശ്യമില്ല." എന്നുള്ളതു്, ലൌകിക വ്യവഹാരങ്ങളിൽ ആസക്തന്മാരായിരിക്കുന്ന പലരാലും പ്രത്യേകിച്ച് നവീന പരിഷ്കാര ഭ്രാന്തന്മാരാലും ഈ കാലത്തിൽ ഉൽഘോഷിക്കപ്പെടുന്ന ഒരു സാധാരണ സിദ്ധാന്തമാണ്. ഈ വക അഭിപ്രായങ്ങളുടെ മൂലകാരണങ്ങൾ ഈ കാലങ്ങളിൽ ധാരാളം പ്രസിദ്ധി സിദ്ധിച്ചിട്ടുള്ളവയും ഉത്തമ പരിഷ്കാരത്തിൻെറ ചിഹ്നങ്ങളായി ഗണിക്കപ്പെട്ടു പോരുന്നവയുമായ സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം എന്ന തത്വങ്ങളുടെ ക്രമാതീതമായ ആരാധനയാണ് എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

എന്നാൽ ഈ സിദ്ധാന്തം കേവലം അബദ്ധവും അടിസ്ഥാനരഹിതവുമാണെന്നുള്ളതു എളുപ്പത്തിൽ പ്രത്യക്ഷപ്പെടുന്നതാണ്. സൎവ്വേശ്വരനാൽ സ്ഥാപിതമാണെന്നു ശഠിക്കുന്ന പല മതങ്ങളും പരസ്പര വിരുദ്ധങ്ങളായ തത്വങ്ങളെ പഠിപ്പിക്കുന്നു എങ്കിൽ അവയെല്ലാം സത്യസ്വരൂപിയായ ഒരേ സൎവ്വേശ്വരനിൽനിന്നുതന്നെ ഉത്ഭവിച്ചിരിക്കാൻ പാടില്ലല്ലൊ. എന്നാൽ ഒരു സൎവ്വേശ്വരൻ മാത്രമെ ഉള്ളു എന്നതു നിരീശ്വരന്മാരൊഴികെ മററെല്ലാവരാലും സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. ആകയാൽ ആ ഒരേ സൎവ്വേശ്വരനാൽ വെളിപ്പെടുത്തപ്പെട്ട മതവും, ഒന്നുമാത്രമായിരിക്കാനെ നിവൃത്തിയുള്ളു. മനുഷ്യർ തങ്ങളുടെ പരമോദ്ദേശ്യവും പരമ ഭാഗ്യവുമായ, ആ സൎവ്വേശ്വരനെ പ്രാപിക്കുന്നതിനുള്ള ഏക മാൎഗ്ഗം അദ്ദേഹത്താൽ ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള നിയമങ്ങളെ അനുസരിച്ചു നടക്കുന്നതു മാത്രമായിരിക്കെ, ആ നിയമ സമൂഹമായ ഏക സത്യത്തെ അന്വേഷിച്ചറിഞ്ഞു അതനുസരിച്ചു പ്രവൎത്തിക്കേണ്ട ആവശ്യം നമുക്കു ഇല്ലായെന്നും, ഓരോരുത്തൻെറ അഭിപ്രായഗതിയനുസരിച്ച് ഏതെങ്കിലും മതം അനുഷ്ഠിച്ചാൽ മതിയെന്നും ശഠിക്കുന്നതു്, ആ ഏകസത്യദൈവത്തെ ആരാധിക്കുന്നതിനെക്കാൾ അപമാനിക്കയല്ലയൊ?

ഒരു രാജ്യത്തിൽ സൎക്കാർ നാണയം അടിച്ചു പ്രചാരത്തിൽ വന്നിട്ടില്ലായെങ്കിൽ, ഏതുനാണയവും അതതിൻെറ വില അനുസരിച്ച് എടുക്കപ്പെടും. എന്നാൽ സൎക്കാർ കമ്മട്ടത്തിൽനിന്നു രാജമുദ്രയുള്ള ഒരു നാണയം അടിച്ച് എന്നു പരത്തപ്പെടുമൊ അന്നു തുടങ്ങി രാജമുദ്രയില്ലാത്ത നാണയങ്ങൾ കള്ളനാണയങ്ങളായി ഗണിക്കപ്പെടും. ഇപ്രകാരം തന്നെ പരമ ഭരണകൎത്താവായ ദൈവം തൻെറ പ്രജകളായ മനുഷ്യരെ അവരുടെ പരമോദ്ദേശ്യ സിദ്ധിക്കായി ഓരോരുത്തൻെറ മനസ്സാക്ഷി അനുസരിച്ചു മാത്രം നടന്നാൽ മതിയെന്നു നിശ്ചയിച്ചു വിട്ടിരുന്നു എങ്കിൽ "എല്ലാ മതവും ശരിതന്നെ, എങ്ങിനെ നടന്നാലും കുററമില്ലാ" എന്നു പറഞ്ഞുകൊള്ളാമായിരിക്കാം. എന്നാൽ സൎവ്വേശ്വരൻ മനുഷ്യരിൽ ഓരോരുത്തനെ അവനവൻെറ ഇഷ്ടപ്രകാരം നടക്കുന്നതിനു അനുവദിച്ചു വിട്ടിട്ടില്ലാ എന്നതും, നിശ്ചിതമായ മത തത്വങ്ങളെ വെളിപ്പെടുത്തീട്ടുണ്ട് എന്നതും, സ്വാഭാവിക ജ്ഞാനത്താൽ മാത്രം ഗ്രഹിക്കാൻ പാടില്ലാത്ത മത തത്വങ്ങളിൽ വിശ്വസിച്ചു പ്രവൎത്തിച്ചുപോരുന്ന ഏവനും പ്രത്യക്ഷമാണല്ലൊ. അജ്ഞത്വംനിമിത്തം സൎവ്വേശ്വരനാൽ ഏൎപ്പെടുത്തപ്പെട്ട ഏക സത്യവേദത്തെ അനുസരിക്കാതെയിരുന്നാൽ ക്ഷമാസിദ്ധി അടയുമെന്നിരുന്നാലും, അറിവോടുകൂടി അങ്ങിനെ പ്രവൎത്തിക്കുന്നവൻ ഒരിക്കലും ക്ഷമാൎഹനായിരിക്കയില്ലന്നു മാത്രമല്ലാ ശിക്ഷായോഗ്യനായിരിക്കയും ചെയ്യും. കള്ളനാ

ണയത്തെ അറിയാതെ വെച്ചുപയോഗിഗിച്ചുകൊണ്ടിരിക്കുന്ന ഒരുത്തന്റെ അപരാധം സൎക്കാർ പക്ഷെ ക്ഷമിച്ചു എന്നിരുന്നാലും അറിഞ്ഞുകൊണ്ടു അതിനെ ഉപയോഗിക്കുന്നവൻ ആ വിധമായ കരുണക്കു ഒരിക്കലും പാത്രവാനായിരിക്കയില്ലാ. അപ്രകാരം തന്നെ സൎവ്വേശ്വരനാൽ ഏൎപ്പെടുത്തപ്പെട്ട സത്യവേദം ഒന്നുണ്ടായിരിക്കെ, വേദമെല്ലാം ശരിതന്നെ എന്നു പറഞ്ഞുകൊണ്ടിരിക്കുന്നവരോടു സൎവ്വേശ്വരൻ ഒരിക്കലും ക്ഷമിക്കയില്ലാ.

എല്ലാ മതങ്ങളുടെയും ആരാധനാവിഷയം ഒരേ സൎവ്വേശ്വരൻതന്നെയാണല്ലൊ എന്നുള്ള ഒഴിവുകഴിവും സ്വീകാൎയ്യമായിരിക്കയില്ലാ. എന്തുകൊണ്ടെന്നാൽ ഏകനും വികാരവിഹീനനും ആയ ഒരേ ദൈവത്തിന്നു പരസ്പര വിരുദ്ധങ്ങളായ ലക്ഷണങ്ങളെയും പ്രവൃത്തികളെയും അവ (വിവിധമതങ്ങൾ) കല്പിക്കുന്നു. തങ്ങളുടെ ആരാധനാവിഷയം, ഏകനും പരിശുദ്ധനും എന്നു ചിലരും ശാസ്ത്രദൃഷ്ട്യാ അദ്ദേഹം ഒന്നുമാത്രമാണെന്നു സമ്മതിച്ചാലും, പ്രവൃത്തിയിൽ അനേക ദേവന്മാരെയും, അവൎക്കു ദുരാചാരങ്ങളെയും ഹീനപ്രവൃത്തികളെയും സങ്കല്പിച്ചു ഒരു ദേവസമൂഹമെന്നു മറ്റുചിലരും പഠിപ്പിക്കുന്നു. നിത്യനും സ്വയംഭൂവും ആയ സൎവ്വേശ്വരനാൽ മറ്റു സകല ചരാചരങ്ങളും ശൂന്യത്തിൽനിന്നു സൃഷ്ടിക്കപ്പെട്ടു എന്നു ഒരു കൂട്ടർ വിശ്വസിക്കുമ്പോൾ മറ്റു ചിലർ സകല ഭൂതങ്ങളും അനാദി മുതൽക്കെ സ്ഥിതിചെയ്തിരുന്നു എന്നു ഘോഷിക്കുന്നു. ഒന്നു ആത്മപരിത്യാഗവും പ്രപഞ്ചഭാഗ്യങ്ങളിൽ വിരക്തിയും പഠിപ്പിക്കുമ്പോൾ മറ്റൊന്നു സ്വാൎത്ഥതയും ലൌകിക സുഖാനു:ഭാഗവും ജീവിതോദ്ദേശ്യമായി പരിഗണിക്കുന്നു.

ഇങ്ങിനെ പരസ്പര വിരുദ്ധങ്ങളായ തത്വങ്ങളെ പഠിപ്പിക്കുന്ന മതങ്ങൾ എല്ലാം ഒരേസമയത്തുതന്നെ സത്യമെന്നൊ ഒരു സൎവ്വേശ്വരനിൽനിന്നു ഉത്ഭവിച്ചതെന്നൊ യുക്തിബോധമുള്ള ഒരുവനും വാദിക്കയില്ലല്ലൊ. അങ്ങിനെയായിരുന്നാൽ ഇവയിൽ ഏതെങ്കിലും ഒന്നു മാത്രം ശരിയായിരിക്കയും മറ്റുള്ളവ അസത്യവും വെറും മനുഷ്യനിൎമ്മിതങ്ങളുമായിരിക്കാനെ തരമുള്ളു.

റെവെറണ്ടു മാത്യു പുരസ്ക്കൻ എം. ഏ.

# പൌരസ്ത്യസഭ.

വിവിധ വൎഗ്ഗക്കാരായ ക്രിസ്ത്യാനികളുടെ പുനരൈക്യത്തെപ്പറ്റി പലരും ഗൌരവമായി വിചാരിക്കയും പ്രസ്താവിക്കയും ചെയ്തുവരുന്ന ഈ ഘട്ടത്തിൽ ക്രിസ്തീയ ലോകത്തിന്റെ ഒരു പ്രധാന ഭാഗമായ പൌരസ്ത്യസഭയെപ്പറ്റി ഇവിടെ ഏതാനും സംഗതികൾ പ്രസ്താവിക്കുന്നതു സന്ദൎഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ ക്രിസ്തീയലോകത്തിന്റെ പിതൃസ്ഥാനം വഹിച്ചു ഭാഗ്യമോടെ വാണരുളുന്നപുണ്യശ്ലോകൻ ൰൫ാം ബനദിക്തോസ് മാൎപ്പാപ്പാ അവൎകളും ഈ സൽക്കാൎയ്യനിൎവ്വഹണത്തിനു വേണ്ടി അദ്യാപി അശ്രാന്തപരിശ്രമം ചെയ്യുന്ന ഒരു മഹാത്മാവാണെന്നു കേൾക്കുമ്പോൾ ക്രിസ്ത്യാനികളുടെ പുനരൈക്യം എത്രത്തോളം അത്യാവശ്യമായ ഒരു സംഗതിയാണെന്നുള്ളതു് വ്യക്തമാകുന്നുണ്ടല്ലൊ. പക്ഷെ പുനരൈക്യമെന്ന പദത്തിന്നു് കൎമ്മാനുഷ്ഠാനരീതിയിലും അതിനുപയോഗിക്കുന്ന ഭാഷയിലും ഐകരൂപ്യമുണ്ടായിരിക്കുക എന്നൎത്ഥമില്ലെന്നുള്ളതു നാം പ്രത്യേകം ഓൎത്തിരിക്കേണ്ട ഒരു കാൎയ്യമാണു്. പുനരൈക്യത്തിനു ശ്രമിച്ചിട്ടുള്ളവരായ ഏതാനുംപേൎക്കു ഇക്കാൎയ്യത്തിൽ പരിജ്ഞാനം പോരാതെ പോയതുകൊണ്ടോ എന്തൊ ഐക്യത്തിനു പകരം പരസ്പരവൈരമാണു് ഈ സഹോദരസഭകൾ തമ്മിൽ ഉണ്ടായിട്ടുള്ളതു്. കാലംചെയ്ത കുശാഗ്രബുദ്ധിയും നയജ്ഞ

ന്നുമായ ലെയോ ൧൩-ാമൻ മാർപ്പാപ്പായാണു ഇക്കാൎയ്യത്തിൽ കൎശനമായ പല നിയമങ്ങളാൽ പറയത്തക്ക ശമനം വരുത്തിയതു്. ഇപ്പോഴത്തെ പരിശുദ്ധ പിതാവും തന്റെ പുരോഗാമികളുടെ ബുദ്ധിപൂൎവ്വകമായ നയത്തെ പിൻതുടൎന്നു് പൌരസ്ത്യസഭയുടെ പുനരൈക്യത്തെ ഉദ്ദേശിച്ചു പല പുതിയ ചട്ടങ്ങളും സ്ഥാപനങ്ങളും നിൎമ്മിച്ചിട്ടുണ്ടു്.

ആദിമപൌരസ്ത്യ സഭയുടെ ഒരു ചുരുങ്ങിയ ചരിത്രംപോലും ഇവിടെകൊടുക്കാൻ സ്ഥലം അനുവദിക്കുന്നില്ല. അവിടവിടെ സ്ഥൂലിച്ചുനില്ക്കുന്ന ഏതാനും ചില സംഗതികളെപ്പററിയെ ഇവിടെ പ്രസ്താവിക്കാൻ തരമുള്ളു. പാശ്ചാത്യസഭയോടുകൂടി യോജിച്ചുതന്നെ ഏകദേശം പത്തു ശതവൎഷത്തോളം പൌരസ്ത്യസഭ കഴിച്ചുകൂട്ടി. ഇക്കാലഘട്ടങ്ങൾ വാസ്തവത്തിൽ പൌരസ്ത്യ സഭയുടെ ശുക്രദശയായി വിചാരിക്കപ്പെടാവുന്നതാണു്. അടിക്കടി ക്രിസ്തീയ സഭയിൽ ഉണ്ടായിക്കൊണ്ടിരുന്ന അബദ്ധാഭിപ്രായങ്ങളെ ഖണ്ഡിച്ചും, സഭയുടെ പഠനങ്ങളെയും ആചാരങ്ങളേയും സൎവ്വപ്രകാരേണയും ആദരിച്ചും എന്നുവേണ്ട മതത്തെപ്രതി മരണംതന്നെ അനുഭവിച്ചും, ആദിമക്രിസ്ത്യാനിലോകത്തിനു് തേജസ്സും ഓജസ്സും യശസ്സും ഉണ്ടാക്കിക്കൊടുത്തിട്ടുള്ളതു പ്രധാനമായി പൌരസ്ത്യ സഭയാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. പക്ഷേ ഒൻപതാംശതവൎഷാരംഭത്തോടു കൂടി പാശ്ചാത്യസഭയും പൌരസ്ത്യസഭയും തമ്മിൽ വേർപിരിയുന്നതിനും ആ വേർപിരിവു പലവിധ പരിശ്രമങ്ങളേയും ഉല്ലംഘിച്ചു് ഇന്നും നിലനില്ക്കുന്നതിനും പല കാരണങ്ങൾ കാണപ്പെടുന്നതാണു്. ഓരോരൊ സംഗതികളെപ്പററി ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾ, തെററിദ്ധാരണകൾ, രാജ്യകാൎയ്യമായ അസൂയ, ഗ്രേക്കരുടെയും ലത്തീൻജാതികളുടെയും പരിഷ്കാര വ്യത്യാസങ്ങൾ, കോൺസ്റ്റാൻറിനോപ്പിളിലേക്കുള്ള രാജധാനിമാററം, റോമാസിംഹാസനവും കിഴക്കൻ സഭകളുമായുള്ള ദൂരം ഈ കാരണങ്ങളാണു ഇവിടെ നമ്മുടെ മനോദൃഷ്ടിക്കു ആദ്യമായിലക്ഷീഭവിക്കുന്നതു്. അത്യാഗ്രഹികളും സ്വാൎത്ഥതല്പരന്മാരുമായ ചില നിഷ്കണ്ടകന്മാർ ഇക്കാരണങ്ങളെ പൎവ്വതീകരിച്ചു് തങ്ങളുടെ സ്വന്തകാൎയ്യലാഭത്തിനുവേണ്ടി പരിശ്രമിച്ചു. ഇക്കൂട്ടത്തിൽ പ്രഥമഗണനീയൻ ഫോഷ്യസ് എന്നുപേരായ ഒരാളായിരുന്നു. കാൎയ്യശേഷി, നിയമജ്ഞത, ശാസ്ത്രപടുത്വം, പാണ്ഡിത്യം കവിതാവാസന ഇങ്ങനെയുള്ള പലതരഗുണങ്ങളുടെ ഒരു സാക്ഷാൽ വിളനിലമായിരുന്ന ഈദേഹം ഒരു ഉൽകൃഷ്ടകുലജാതനും കൂടിയായിരുന്നുവെന്നു പറഞ്ഞാൽ അയാളുടെ പരിശ്രമം സഭയുടെ ഐക്യത്തിനു എത്രത്തോളം ഹാനികരമായിരുന്നുവെന്നുള്ളതു് വേഗം ഊഹ്യമാണല്ലൊ

അക്കാലങ്ങളിൽ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയൎക്കാ സിംഹാസനത്തെ അലങ്കരിച്ചിരുന്നതു് ഇഗ്നേഷ്യസ് എന്നുപേരായ ഒരു മഹാത്മാവായിരുന്നു. അദ്ദേഹം ധീരന്മാരും പുണ്യവാന്മാരുമായ തന്റെ പല പുരോഗാമികളെ അനുഗമിച്ചു രാജധാനിയിൽ നടപ്പുള്ള പല വിധത്തിലുള്ള അക്രമങ്ങളേയും മൎയ്യാദകേടുകളേയും ശക്തിയായി ആക്ഷേപിച്ചുവെന്നുമാത്രമല്ല, അക്കാലത്തു സിംഹാസനാരൂഢനായിരുന്ന ചക്രവൎത്തിയുടെ ഗുരുവായിരുന്ന ഒരു 'ദുൎന്നടപ്പു'കാരനു വിശുദ്ധ കുൎബ്ബാന കൊടുക്കുന്നതല്ലെന്നു നിഷേധിക്കുകകൂടി ചെയ്തു. പാത്രിയൎക്കീസിന്റെ ഈ സന്മാൎഗ്ഗധീരത, തന്റെ പവിത്രമായ ഉദ്യോഗത്തിനു ചേൎന്നതായിരുന്നുവെങ്കിലും ചക്രവൎത്തിക്കും കൂട്ടൎക്കും ഇതു് വലിയ ഒരാക്ഷേപമായി തോന്നുകയാൽ ഇഗ്നേഷ്യസ് സ്ഥാനഭ്രഷ്ടനായെന്നു മാത്രമല്ല നാടു കടത്തപ്പെടുകയും ചെയ്തു. (ക്രി. അ. ൮൫൮). മുൻപറഞ്ഞ ഫോഷ്യസ് എന്ന ആളിനു ഇപ്പോൾ കേമനാകാൻ ഒരു നല്ല തരം കിട്ടി. അയാൾ രാജസേവകൊണ്ടും സേവകസേവകൊണ്ടും പാത്രിയൎക്കീസായി നിയമിക്കപ്പെട്ടു. ഇതുവരെ ഒരു വെറും ലൌകികനായിരുന്ന ഇയാൾ ആറു ദിവസത്തിനുള്ളിൽ പാത്രിയൎക്കീസായിത്തീൎന്നു. ഇതു് സഭാനിയമങ്ങൾക്കു നേരെ വിപരീതമാണെന്നതാനും. സംഗതികൾ ഇങ്ങനെ ഗൌരവമായി പരിണമിച്ചല്ലോ

ൾ സഭാമേലദ്ധ്യക്ഷനായ റോമാ മെത്രാൻ ഇക്കാൎയ്യങ്ങളിലേക്ക ദൃഷ്ടിപതിക്കേണ്ടതായി വന്നു. പാപ്പാ ഇക്കാൎയ്യത്തിൽ വല്ലതും തനിക്കെതിരായിട്ടു വിധിച്ചുകഴിഞ്ഞിട്ടു ഇളിഭ്യനാകുന്നതിനെക്കാൾ ഭേദം താൻതന്നെ മൎയ്യാദരാമൻ ചമഞ്ഞു സംഗതികൾ ബോധിപ്പിക്കുന്നതാണെന്നു നമ്മുടെ വിദ്വാൻ തീരുമാനിച്ചു് താൻ അന്യരുടെ മുട്ടിപ്പായ അപേക്ഷകളെ നിരസിപ്പാൻ ശക്തനല്ലാതെ സിംഹാസനാരൂഢനായിപ്പോയതാണെന്നും മററും കാണിച്ചു് റോമിലേക്കെഴുതി. കുറച്ചു സമയം കഴിഞ്ഞതിൻെറ ശേഷം രാജകല്പന അനുസരിച്ചു് പൌരസ്ത്യസഭയിലെ ചില മെത്രാന്മാർ ഒരു സൂനഹദോസ് കൂട്ടുകയും അതിൽവച്ചു ഇഗ്നേഷ്യസിൻെറ സ്ഥാനഭ്രംശം ശരിവയ്ക്കുയും ഫോഷ്യസിൻെറ ആരോഹണം അംഗീകരിക്കുകയും ചെയ്തു.

കാൎയ്യങ്ങളുടെ വാസ്തവാവസ്ഥകൾ റോമിൽ അറിഞ്ഞപ്പോൾ പാപ്പാ ഫോഷ്യസിനെ മഹറോൻ ചൊല്ലുകയും ഇഗ്നേഷ്യസിനെ വീണ്ടും സ്ഥാനാരോഹണം ചെയ്യിക്കയും ചെയ്തു. ഫോഷ്യസിൻെറ ഭാവി ഇപ്പോഴേക്കും വളരെ പരുങ്ങലിലായി. അയാൾക്കു രണ്ടു മാൎഗ്ഗങ്ങളേ മുമ്പിൽ പ്രത്യക്ഷപ്പെട്ടുള്ളു. ഒന്നുകിൽ അയാൾ പാപ്പായുടെ ആജ്ഞക്കു വശംവദനായി മഹറോൻ ഏൽക്കണം; അല്ലാത്തപക്ഷം പാപ്പായുടെ അധികാരത്തെ നിഷേധിച്ചു എതിരിടണം. അത്യാഗ്രഹിയും ആജ്ഞാലംഘകനുമായ ഫോഷ്യസ് എതിരിടാൻതന്നെ തീർച്ചപ്പെടുത്തി. അയാളുടെ ഈ തീർച്ചയിൽ ചക്രവൎത്തിയും യോജിച്ചതുമൂലം വ൮൬൭-ാമാണ്ടു ഒരു സൂനഹദോസ് വിളിച്ചുകൂട്ടപ്പെടുകയും, അതിൽ വിശ്വാസസത്യങ്ങൾ സംബന്ധിച്ചു പല വാദങ്ങളും കൊണ്ടുവരപ്പെടുകയും ചെയ്തു. എന്തിനേറെപ്പറയുന്നു? സൂനഹദോസ് അയാളുടെ തീരുമാനങ്ങളെ ശിരസാ വഹിച്ചുകൊണ്ടു്, മാൎപ്പാപ്പായെത്തന്നെ മഹറോൻ ചൊല്ലുകയും, റോമ്മായുമായുള്ള സകല ബന്ധങ്ങളേയും ഉപേക്ഷിക്കയും ചെയ്തു. ഇതാണു് പൌരസ്ത്യസഭയുടെ വേർപാടിൻെറ സന്ദർഭം.

പൌരസ്ത്യ 'ശീശ്മ' അഥവാ വേർപാടു ഇപ്രകാരം ആരംഭിച്ചുവെങ്കിലും, ഫോഷ്യസിനു് അതിൻെറ ഫലം മുഴുവനും അനുഭവിക്കുവാൻ കഴിഞ്ഞില്ല. ഒരുകൊല്ലം കഴിയുന്നതിനു മുമ്പിൽതന്നെ മുൻപറഞ്ഞ ചക്രവൎത്തി നാടുനീങ്ങുകയാലും അദ്ദേഹത്തിൻെറ പിൻഗാമി ഫോഷ്യസിൻെറ ഒരു വിരോധിയായിരുന്നതിനാലും, അയാൾ സ്ഥാനഭ്രഷ്ടനാവുകയും, തൽസ്ഥാനത്തു പഴയ ഇഗ്നേഷ്യസ് പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ഇഗ്നേഷ്യസാകട്ടെ കഴിയുന്നത്ര വേഗം റോമ്മായും കോൺസ്റ്റാൻറിനോപ്പിളും തമ്മിലുള്ള സംബന്ധത്തെ പുനസ്ഥാപിക്കുയാണു ആദ്യമായി ചെയ്തതു്. രണ്ടുകൊല്ലം കഴിഞ്ഞതിൻെറശേഷം മാൎപ്പാപ്പായുടെ പ്രതിനിധികളുടെ ആധിപത്യത്തിൽ കൂടപ്പെട്ട ഒരു പൊതുയോഗത്തിൽവച്ചു് ഫോഷ്യസ്സിൻെറ കുററത്തെ സ്ഥിരീകരിക്കുകയും, ഇഗ്നേഷ്യസ്സിൻെറ സ്ഥാനത്തെ അംഗീകരിക്കുകയും ചെയ്യുകയുണ്ടായി. പക്ഷേ കൌശലക്കാരനായ ഇദ്ദേഹം പിന്നീടും ചക്രവൎത്തിയുടെ പ്രീതി സമ്പാദിച്ചു് പാത്രിയർക്കാ സിംഹാസനത്തിൽ ചാടിക്കയറിയെങ്കിലും വളരെക്കാലത്തേക്കു അവിടെ ഇരിക്കാൻ അയാൾക്കു സാധിച്ചില്ല. വീണ്ടും സിംഹാസനാരോഹണം ചെയ്യാൻ സാധിക്കാതെതന്നെ അയാൾ പ്രപഞ്ചത്തിരക്കുകളിൽ മറഞ്ഞുപോവുകയാണുണ്ടായതു്. പക്ഷേ അയാളാൽ ആരംഭിക്കപ്പെട്ട അബദ്ധോപദേശങ്ങളും അയാളോടുകൂടി അവസാനിക്കാഞ്ഞതിൽ ആരാണു പശ്ചാത്തപിക്കാത്തതു്.

കെ. ഇ. ജോബ് ബി. ഏ.

## അനുസരണം. (ഓട്ടൻതുള്ളൽ)

ഈശ്വരഭക്തിയിൽമുഴുകിയിരുന്നൊരു—
വിശ്വകലാനിധിയബ്രാഹത്തിനു
നൂറുവയസ്സുതികഞ്ഞപ്പോൾപുരു—
ക്കൂറു കലൎന്നൊരുസുതനുളവായി.

ഉടനെയവനുടെവിശ്വാസത്തെ
യുടയവനൊന്നുപരീക്ഷിക്കാനായ്
"തനയനെവെട്ടിബ്ബലിനീതരണം
തനതുകരത്താലെ"ന്നരുൾചെയ്തു.

അതുകേട്ടപ്പോളബ്രാഹാംബഹു-
കുതുകത്തോടസ്സുതനെയെടുത്തു
ബലിപീഠത്തിലിരുത്തിയറുത്തഥ-
ബലിചെയ്യാൻവാൾപാണിയിലേന്തി.

അപ്പോഴീശ്വരനാവൃദ്ധനുടെ-
നല്ലുറന്നനുസരണംകണ്ടു

ഉല്ലസനാർദ്രതപൂണ്ടകതാരില-
നല്ലതരാമ്മോദത്തോടുകൂടേ.

വാളുപിടിച്ചുതടുത്തി"ട്ടസ്സുത-
കാളുംകൊലനീചെയ്യരുതെ"ന്നായ്
കല്പിച്ചവനനവധിയാശീസ്സുകൾ
കെല്പൊടുനൽകിയയച്ചിതുനാഥൻ.

അനുസരണംകൂടകിടഹൃദിയുള്ളൊരു-
മനുജനുവിഷമതവരികില്ലെന്ന
ഇതുകൊണ്ടെല്ലാവക്കുംമതിയിൽ
കുതുകസമേതമുറയ്ക്കാമെല്ലോ.

വി. കെ. ജോസഫ് മാപ്പിള.

## ഈശോയുടെ തിരുഹൃദയ കാരുണ്യം.

എന്റെ മൂത്ത സഹോദരിക്ക് പ്രമേഹരോഗം ആരംഭിച്ചിട്ടു ൧൦ കൊല്ലത്തിനു മേലായി. കുറെ മാസങ്ങൾക്കു മുമ്പ് പുറത്തു ഒരു വലിയ പ്രമേഹക്കുരു ആരംഭിക്കുകയും ആയതു രണ്ടുനാലു ദിവസംകൊണ്ട് അധിക വലിപ്പത്തിൽ പഴുക്കുകയും ചെയ്യുകയാൽ കൊച്ചിയിൽ നിന്നു ഡാക്ടർ മാധവമേനവൻ അവർകളെ വരുത്തി കാണിച്ചതിൽ ദീനം വളരെ അപകടനിലയിൽ ആയിപ്പോയി എന്നും, ദീനക്കാരി മുമ്പെതന്നെ ഒരു പ്രമേഹ സുഖക്കേടുകാരി ആകകൊണ്ട് ഇതുമാതിരി കുരുക്കൾ വന്നാൽ രക്ഷപെടുന്ന കാൎയ്യം അത്ര സുസാധമല്ലെന്നും, ഏതായാലും ആസ്പത്രിയിൽ കൊണ്ടുപോയി ഒരു വലിയ" ഓപ്രേഷ്യൻ"നടത്താമെന്നും അപ്രകാരം ചെയ്യാൽ തന്നെയും സുഖപ്പെടുന്ന കാൎയ്യം തീർച്ചയില്ലെന്നും മറ്റും പറയുകയാൽ വേറെയും ചില വിദഗ്ദ്ധന്മാരായ വൈദ്യന്മാരെ വരുത്തി കാണിച്ചു. അവരിൽനിന്നുകൂടിയും സമാധാനത്തിനടുത്ത ഒരു മറുപടി കിട്ടായ്കയാൽ, ഇനി ദൈവസന്നിധിയിങ്കൽ ആവലാധിപ്പെടാം എന്നു കരുതി, കുടുംബപ്രതിഷ്ഠ കഴിച്ചിട്ടുള്ളതുകൊണ്ട് ന. ക. തിരുഹൃദയ നൊവേന മുടങ്ങാതെ കഴിക്കുന്നതിനും, ദീനക്കാരി മുഴവൻകുമ്പസാ ചെയ്ത് ദിവസംപ്രതി വിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനും നിശ്ചയിച്ചുകൊണ്ട് ഇവിടെയുള്ള ഒരു നാട്ടുവൈദ്യന്റെ ചികിത്സ മാത്രം ചെയ്തു, മേല്പറഞ്ഞ പുണ്യകൃത്യങ്ങൾ നടത്തിക്കൊണ്ടുവന്നു. അപ്പോൾ ഇതാ! ന. ക. തിരുഹൃദയത്തിന്റെ പ്രത്യേക സഹായത്താൽ അത്ഭുതമാംവണ്ണം പൂൎണ്ണസൌഖ്യം പ്രാപിച്ചിരിക്കുന്നു. ഇപ്രകാരമുള്ള പല അത്ഭുത സംഭവങ്ങളും എനിക്കു അനുഭവമായിട്ടുണ്ട്. ആകയാൽ എല്ലാവരും ഈശോയുടെ തിരുഹൃദയത്തിനു തങ്ങളുടെ കുടുംബങ്ങളെ പ്രതിഷ്ഠിക്കുന്നതു വളരെ പ്രയോജനകരമായിരിക്കുമെന്നു പ്രസ്പഷ്ടമാണല്ലൊ.

അയ്യനാട്ടു പാറായിൽ
കുഞ്ഞവുറാത്തരകൻ.

☞ ഈശോയുടെ തിരുഹൃദയത്തിന് സ്വകുടുംബങ്ങളെ വിശ്വാസികൾ പ്രതിഷ്ഠിക്കേണ്ടആവശ്യകതയെപ്പററിയും ഈ പുണ്യകൎമ്മം നടത്തിയ കുടുംബാംഗങ്ങൾക്കു സിദ്ധിച്ചിട്ടുള്ള വിസ്മയനീയ സഹായങ്ങളെക്കുറിച്ചും ഇതിനു മുമ്പ് ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. തിരുഹൃദയഭക്തന്മാരായ വൈദികരുടെ അശ്രാന്ത പരിശ്രമം വഴിയായും, വിശ്വാസികളുടെ നന്മനസ്സു മൂലവും ഇപ്പോൾ പലേ ഇടവകകളിലും ഈ ഭക്തി വൎദ്ധിച്ചുവ

രുന്നതായി, ഈ ആഫിസിൽ കിട്ടിക്കൊണ്ടുവരുന്ന റിപ്പോർട്ടുകളിൽനിന്നും കാണുന്നതു് എത്രയും ചാരിതാർത്ഥ്യജനകമാണ്. ഇനിയും ഈ പുണ്യകർമ്മംചെയ്യാത്തവർ അചിരേണ അങ്ങനെ ചെയ്യുമെന്നു വിശ്വസിക്കുന്നു .(പത്രാധിപർ.)

## 'മുട്ടിയാൽ തുറക്കപ്പെടും.' (ഒരു പ്രഹസനം.)

### ഒന്നാം രംഗം.

മംഗളം.

സേവിപ്പും ജനതയ്ക്കുവാപ്പുമഴലി
　　ന്നാഴം കുറച്ചന്വഹം,
ഭാവിയ്ക്കുംവിധമുള്ളഭീഷ്ടമഖിലം
　　നല്കുംജഗന്നായകൻ;
ധീവിസ്താരവുമാത്മശുദ്ധിയുമിവ
　　ക്കേകി,സ്സമാദൃസ്നട-
ന്നാവിണ്ണിൻതണലെത്തുവാൻകനിവിയ
　　ന്നിടട്ടെ, സമ്പ്രീതനായ്.

(പൂനിലത്തു വീട്ടിന്റെ കോലായിൽ ഒരു കസാലമേൽ, ഇളയ കുട്ടിയെ മടിയിൽ വെച്ചുകൊണ്ടു്, അമ്മയും ശേഷം മൂന്നു മക്കളും പ്രവേശിക്കുന്നു.)

മൂന്നാമത്തെ കുട്ടി, റോബർട്ടു മടിയിലിരിക്കുന്ന ഐസയെ പിടിച്ചുമാററി, അവളുടെ സ്ഥാനത്തിരുന്നു്, സ്നേഹപൂർവ്വം അമ്മയുടെ മുഖത്തു തടവിക്കൊണ്ടു പറയുന്നു):— "അമ്മേ, അമ്മ അറിഞ്ഞില്ലല്ലോ. ഇന്നു്, ക്രിസ്റ്റ്മസ്സിനു് ഞങ്ങളുടെ സ്കൂൾ പൂട്ടി. പതിനഞ്ചുദിവസത്തെ ഒഴിവുണ്ടു്. ഹാ! എന്തൊരു തമാശാണ് ഇന്നുണ്ടായതു്. അമ്മയ്ക്കു കേൾക്കണോ?"

അമ്മ— "എന്താണ് തമാശ്, റോബർട്ടേ? നിന്നെപ്പോലെയുള്ള കളിക്കൊതിയന്മാൎക്കു് സ്കൂൾ പൂട്ടിയതുകൊണ്ടുള്ള തമാശ് തന്നെ. അല്ലാതെ എന്താണ്? പറയൂ, കേൾക്കട്ടെ.

റോബർട്ടു— "അതോ പറയാം. ഇന്നു ഞങ്ങളുടെ മാനേജരച്ചൻ ക്ലാസ്സിൽ വന്നിരുന്നു. ക്ലാസ്സിൽ മിടുക്കന്മാരായ കുട്ടികൾക്കു അദ്ദേഹത്തിന്റെ വക ചില സമ്മാനങ്ങൾ ഉണ്ടായിരുന്നു. എനിക്കു കിട്ടിയ സമ്മാനങ്ങൾ അമ്മയ്ക്കു കാണണോ?"

അമ്മ— "ഓ, നിനക്കു സമ്മാനം കിട്ടിയോ? എന്തൊക്കെയാണ് കിട്ടിയതു്? കൊണ്ടുവരൂ, കാണട്ടെ"

(റോബർട്ടു— അമ്മയുടെ മടിവിട്ടു ഓടിപ്പോകുന്നു. ഈ തരംനോക്കി, ഐസ വീണ്ടും മടിയിൽകയറി ഇരുന്നു ചിരിച്ചു്, അട്ടഹസിച്ചുകൊണ്ടു, പറയുന്നു.) "ഹാ, ഹാ, ഹാ! ഇനി റോബർട്ടു വരട്ടെ. ഞാൻ മാറുകയില്ല. സാമർത്ഥ്യം കാണാമല്ലൊ. അമ്മേ, അമ്മേ! റോബർട്ടു വന്നു പിടിച്ചാൽ ഞാൻ പോകയില്ല. റോബർട്ടു ഇത്ര നേരവും അമ്മയുടെ മടിയിൽ ഇരുന്നില്ലേ? ഞാനും കുറേ ഇരിക്കട്ടെ" (മുൻഭാഗത്തേയ്ക്കുനോക്കി റോബർട്ടു ഓടി വരുന്നതുകണ്ടു്, അമ്മയെ കെട്ടിപ്പിടിക്കുന്നു.)

അമ്മ— "മകളേ, നീ പേടിക്കാതിരിക്കു. അവൻ നിന്നെ ഉപദ്രവിയ്ക്കയില്ല. അവനെ ഞാൻ പറഞ്ഞു നിറുത്തിക്കൊള്ളാം."

(റോബർട്ടു കൈയിൽ ചില പുസ്തകങ്ങളുമായി അമ്മയുടെ സമീപം എത്തി, ഐസയെ മടിയിൽ കണ്ടു്, അല്പം വിഷണ്ഡനായി എങ്കിലും ചിരിച്ചുകൊണ്ടു്)— "അമ്പടീ, നിനക്കു നല്ലതരമായി അല്ലെ. ഞാൻ ഇതു ആലോചിച്ചെങ്കിൽ, പോവുകയില്ലായിരുന്നു. ആട്ടെ, ഇരിക്കട്ടെ"

(ഐസ, ജയഭാവത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടു് അമ്മയുടെ മുഖത്തു് ചുംബിയ്ക്കുന്നു. അമ്മ പുഞ്ചിരി ഇടുന്നു. റോബർട്ടു വീണ്ടും ചിരിച്ചുകൊണ്ടു) "കൊള്ളാം. നീ ജയിച്ചിരിയ്ക്കുന്നു. പോരേ" (അമ്മയോടു) "അമ്മേ! ഈ രണ്ടു ചിത്രപുസ്തകങ്ങളാണ് മാനേജർ എനിക്കു സമ്മാനിച്ചതു്. ഇതിൽ ഒന്നു് സൽസ്വഭാവത്തിന്നും മറേറതു കഴിഞ്ഞ പരീക്ഷയിൽ ഒന്നാമനായി ജയം പ്രാപിച്ചതിനും ആണ്." (റോബർട്ടു ചിത്രപുസ്തകങ്ങ

ൾ വിടർത്തി, അമ്മയേയും ഐസയേയും കാണിക്കുന്നു.) (ഐസ ഒരു പുസ്തകത്തിൽ കടന്നു പിടിച്ചിട്ട്)– "റോബർട്ടെ, റോബർട്ടെ, ഈ പുസ്തകം എനിക്ക്. എനിക്കു കഴിഞ്ഞ ജനനദിവസത്തിന്നു തരാമെന്നു പറഞ്ഞ സമ്മാനം തന്നിട്ടില്ലല്ലോ. അത് ഇതായിക്കൊള്ളട്ടെ."

റോബർട്ട (സഹോദരിയുടെ മുഖത്തു പതുക്കെ വിരൽകൊണ്ടു കുത്തിയിട്ട) "ഏതു സമ്മാനം? ശരി, ശരി, ഓർമ്മ വന്നു. പക്ഷേ, ഇതു പെൺകുട്ടികൾക്കു കൊടുത്തുകൂടാ ഇതിൽ മുഴുവനും യുദ്ധ പടങ്ങളാണ്. ബ്രിട്ടീഷ്കാർ ജർമ്മൻകാരെ ഓടിച്ച കഥയാണ്. നിങ്ങൾ കണ്ടാൽ പേടിക്കും."

ഐസ– "എന്തിനാണ് റോബർട്ടെ, സൂത്രം പറയുന്നതു്? പടം കണ്ടാൽ ആരെങ്കിലും പേടിക്കുമോ? തരാൻ മനസ്സില്ലെങ്കിൽ അതു പറയണം. സൂത്രം എന്തിനാണ്?

(റോബർട്ട അമ്മയുടെ മുഖത്തു നോക്കുന്നു. അമ്മ മുഖംകൊണ്ട് അനുവാദഭാവത്തിൽ ആംഗ്യം കാണിക്കുന്നു.)

റോബർട്ട– "വല്ലതുമാകട്ടെ. ഈ പുസ്തകം നിനക്കു. സൂക്ഷിക്കണം കേട്ടോ. നിൻെറ കൂട്ടുകാർക്കു വല്ലവർക്കും കൊടുത്താലപ്പോൾ അറിയാം" (ഐസ, കൃതജ്ഞതാപൂർവ്വം പുസ്തകം വാങ്ങി, റോബർട്ടിനെ ചുംബിച്ചു, വീണ്ടും യഥാസ്ഥാനത്തിരിക്കുന്നു.) (അതുവരെ, അല്പം അകലെയായി ഒരു പുസ്തകവും വായിച്ചുകൊണ്ടു നിന്നിരുന്ന പ്രെസി, അടുത്തുവന്ന്, കൈയിലിരുന്ന പുസ്തകം അമ്മയെ കാണിച്ചിട്ട)– "അമ്മേ! എനിക്കു കിട്ടിയ പുസ്തകമാണിതു്. മാനേജരച്ചൻ തന്നതാണ്. ഹാ! ഇതു എത്ര വിശേഷമായ പുസ്തകം." (അമ്മ പുസ്തകം വാങ്ങി നോക്കിയിട്ട്.) ഇതു് "ക്രിസ്ത്വാനുകരണ" (Imitation of Christ) മാണല്ലോ. വേദപുസ്തകം കഴിഞ്ഞാൽ പിന്നെ ഇത്ര നല്ല ഒരു പുസ്തകം വേറെയില്ല. ഇതു് നീ മുടങ്ങാതെ വായിക്കണം. അതിനുവേണ്ടിയാണ് അദ്ദേഹം സമ്മാനിച്ചതു."

പ്രെസി– "അമ്മപറഞ്ഞതു വാസ്തവം തന്നെ. എത്ര സാരോപദേശങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്! കർത്താവിൻെറ സ്നേഹത്തെപ്പററി ഇത്ര സരസമായും ഹൃദയംഗമമായും വിവരിച്ചിട്ടുള്ള ഒരു പുസ്തകം ഞാൻ കണ്ടിട്ടേയില്ല. ഇതു എഴുതിയ ആൾ ഒരു അമാനുഷനാണെന്നു കൂടി തോന്നിപ്പോകുന്നു."

അമ്മ– "മകനേ, അദ്ദേഹം നമ്മെപ്പോലെ ഒരു സാധാരണ മനുഷ്യനായിരുന്നു. എങ്കിലും, കർത്താവിനെ അത്യധികം സ്നേഹിച്ചിരുന്നു. കർത്താവിൻെറ സ്നേഹമാധുര്യം വേണ്ടുംപോലെ അനുഭവിച്ചറിഞ്ഞിരുന്ന ഒരു ദിവ്യമാനുഷനായിരുന്നു അദ്ദേഹം. (തിരിഞ്ഞ് നാലു ഭാഗത്തും നോക്കിയിട്ട, നെടുവീർപ്പോടുകൂടി) പ്രിയ കുട്ടികളെ! നിങ്ങളും കർത്താവിൻെറ മക്കളായിത്തീരണം. നിങ്ങളുടെ അച്ഛന് ധനമില്ലെന്നറിയാമല്ലോ. നിങ്ങൾക്കു കർത്താവിൻെറ ആശ്രയം ഒന്നു മാത്രമേയുള്ളു. നിങ്ങൾ കർത്താവിനെ മനഃപൂർവ്വം സ്നേഹിച്ചാൽ നിങ്ങൾക്കു വേണ്ടതെല്ലാം ഉണ്ടായിക്കൊള്ളും."

റോബർട്ട്– (അമ്മയുടെ പിൻഭാഗത്ത് അടുത്തുകൂടി. അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട്)– "അമ്മേ! അമ്മ ഇന്നാളൊരിക്കൽ ഉണ്ണി ഈശോയുടെ കഥ പറഞ്ഞതു മുതൽ ഞാൻ മിക്ക രാത്രിയിലും ഉണ്ണി ഈശോയെ കാണാറുണ്ട്. ഉണ്ണി ഈശോ ഇന്നാളൊരിക്കൽ എന്നെ വന്നു വിളിച്ചു പുറത്തുകൊണ്ടുപോയി. ഞങ്ങൾ വളരെ ദൂരം നടന്ന് ഒടുവിൽ ഒരു ഭംഗിയുള്ള പൂന്തോട്ടത്തിൽ എത്തി. ഹാ! എന്തൊരു പൂന്തോട്ടം. അവിടെ എന്തെല്ലാംമാതിരി പൂക്കളാണുള്ളതു്! അവയിൽ നിന്നു പുറപ്പെടുന്ന വാസനയോ, എത്ര വിശേഷം! തോട്ടത്തിനു നടുഭാഗത്തായി വലിയ ഒരു ബങ്കളാവുണ്ട്. ബങ്കളാവെന്നു പറഞ്ഞാൽ പോരാ. ഈ മാതിരി ബങ്കളാവു നമ്മുടെ നാട്ടിലെങ്ങും കാണുകയില്ല. സർവ്വം സ്വർണ്ണമയം. കണ്ണു മയങ്ങിപ്പോകും. അതിനകത്തുള്ള എല്ലാ സാധനങ്ങളും കനകംകൊണ്ടുണ്ടാക്കിയതാണ്. ഞങ്ങളെ എതിരേൽക്കാൻ വന്നതു് പൊൻചിറകുകളും വെള്ളപ്പട്ടുവസ്ത്രങ്ങളും ധരിച്ച ഒരുകൂട്ടം ആളുകളാണ്. അവരെന്തു യോഗ്യന്മാർ! അവരുടെ മുഖത്തിൻെറ ഭംഗികണ്ടുതന്നെ അറിയേണ്ടതാണ്. ഉണ്ണിമിശിഹായെ കണ്ട ഉടനെ പൊൻചിറകു

കാർ മുട്ടുകുത്തി നമസ്കരിച്ചു. ഞങ്ങൾ ഒരു പൊൻകുതിരപ്പുറത്താണു സവാരി ചെയ്തതു്. പാട്ടും കൊട്ടും ഒക്കെ തകൃതിമയം. പൊൻചിറകുകാരുടെ കുഴൽവിളികേട്ടാൽ അവിടം വിട്ടുപോരാൻ തോന്നുകയില്ല. ഈ ഐസിയെപ്പോലെയുള്ള ഒട്ടനേകം കൊച്ചുകുട്ടികൾ അവിടെയുണ്ടു്. അവർ എപ്പോഴും, പാട്ടുംപാടിയും രസംപറഞ്ഞും കഴിച്ചുകൂട്ടുന്നു. ഞാൻ ഇതെല്ലാം കണ്ടും കേട്ടും മതിമറന്നുനില്ക്കുമ്പോൾ കണ്ണുതുറന്നുപോയി. ഉണ്ണി ഈശോയും ഇല്ലാ, തോട്ടവും ഇല്ല, പൊൻചിറകുകാരും ഇല്ല. എല്ലാം മറഞ്ഞുപോയി. എവിടെപ്പോയോ!”

(അമ്മ, പുഞ്ചിരി തൂകിക്കൊണ്ടു്.)— “റോബർട്ടേ, നിന്റെ കഥ ഒന്നാന്തരം തന്നെ. എന്നാൽ, നിന്നെ വിളിച്ചുകൊണ്ടുപോയതു ഉണ്ണി ഈശോയാണെന്നു നിനക്കു എങ്ങനെ നിശ്ചയം വന്നു?

റോബർട്ടു്— “ഓ, അതറിയാനാണോ പ്രയാസം? നമ്മളുടെ പള്ളിയിലെ ഉണ്ണി-ഈശോയെ കണ്ടാൽ ആർക്കും അറിഞ്ഞുകൂടെന്നോ! പോരെങ്കിൽ, റോസപ്പൂക്കൾകൊണ്ടലങ്കരിച്ച ഒരു ചെറിയ കുരിശും കൈയിലുണ്ടായിരുന്നു. ആട്ടെ, (ഓർത്തിട്ടു്) അമ്മേ! ക്രിസ്ത്മസ്സ് അടുത്തുവരുന്നുവല്ലോ. എന്തൊക്കെയാണു് വട്ടം? അമ്മ ഞങ്ങൾക്കു എന്തൊക്കെ ഉണ്ടാക്കിത്തരും? അതു പറയൂ. ഈ കൊല്ലം സൂത്രംകൊണ്ടു പററുകയില്ല.”

(ഐസ, അമ്മയുടെ മടിയിൽ നിന്നു് പിടഞ്ഞെഴുന്നേററു്, തുള്ളിക്കൊണ്ടു്)— “ഹാ! ക്രിസ്റ്റമസ്സ്! ക്രിസ്റ്റമസ്സ്! അമ്മേ! അമ്മ പറയൂ. ഈകൊല്ലം ഏതായാലും ഒരു ക്രിസ്റ്റമസ്സ് ട്രീ കൂടാതെ കഴികയില്ല. അച്ഛൻ വരട്ടെ. ഞാൻ പറയുമല്ലോ. അങ്ങേതിലെ മാഗി കഴിഞ്ഞകൊല്ലം ഞങ്ങളെ പരിഹസിച്ചു. അവർക്കു ക്രിസ്റ്റമസ്സ് ട്രീ ഉണ്ടായിരുന്നു. ഞങ്ങൾക്കൊന്നും ഉണ്ടായിരുന്നില്ല. അവർക്കെല്ലാവർക്കും പുതിയ ഉടുപ്പുകൾ അവരുടെ അമ്മാവൻ വാങ്ങിക്കൊടുത്തു. ഞങ്ങൾക്കാരും തരാനില്ല (പൊട്ടിക്കരയുന്നു.)

(അമ്മ മകളെ മാറോടണച്ചു ചുംബിച്ചു്, തൊണ്ട ഇടറിക്കൊണ്ടു്)— “പ്രിയമക്കളെ! നിങ്ങൾ ഇങ്ങനെ സിദ്ധാന്തിക്കരുതു്. നാം ധനവാന്മാരല്ലെന്നു് അറിഞ്ഞുകൂടയോ? പണമുള്ളവർക്കു മാത്രമെ പുതിയ ഉടുപ്പുകൾ വാങ്ങുവാനും ക്രിസ്റ്റമസ്സ് ട്രീ വെയ്ക്കുവാനും സാധിക്കയുള്ളു. അങ്ങേതിലെ മാഗിയുടെ അച്ഛൻ വലിയ ധനവാനാണു്. നിങ്ങളുടെ അച്ഛനോ ഒരു കൂലിവേലക്കാരൻ. നിങ്ങൾക്കു അവരെപ്പോലെയെല്ലാം ചെയ്വാൻ സാധിക്കുമോ? ഉള്ളതുകൊണ്ടു് തൃപ്തിപ്പെടുക. അച്ഛൻ പലപ്പോഴും സംതൃപ്തിയുടെ ഗുണം നിങ്ങൾക്കു പറഞ്ഞുതന്നിട്ടില്ലെ. കർത്താവു നമുക്കു ധനം തന്നിട്ടില്ല അതിനെപ്പററി ദുഃഖിക്കയും വേണ്ട. എന്റെ മക്കൾ കർത്താവിന്റെ മക്കളായിരിക്കണം. കർത്താവു എത്ര ദരിദ്രനായിരുന്നു. താൻ ജനിച്ചതുതന്നെ ഒരു തൊഴുക്കൂട്ടിലല്ലയോ. നിങ്ങൾ കർത്താവിനെപ്പോലെയാകുവാൻ ശ്രമിക്കുക.”

(ഐസ കരച്ചിൽ നിറുത്തി, അമ്മയെ ചുംബിച്ചുകൊണ്ടു)— “ഇനി ഞാൻ ഒന്നും പറകയില്ല. അമ്മ പറഞ്ഞതെല്ലാം നേരുതന്നെ. എന്നാൽ മാഗിയുടെ ഗർവ്വ് കാണുമ്പോഴാണു് എനിക്കു എങ്ങുമില്ലാത്ത ദേഷ്യം വരുന്നതു്. ഓ, അവൾക്കു പണമുള്ളതുകൊണ്ടുള്ള ഒരു ഊററം!”

(ജൂലിയ മുൻഭാഗത്തേക്കു വന്നിട്ടു്)— അച്ഛൻ വന്നില്ലല്ലോ. അമ്മേ! ഇത്ര താമസിക്കുന്നതു എന്താണു്? നേരം സന്ധ്യ കഴിഞ്ഞുവല്ലോ. (പുറത്തേക്കു നോക്കി, ഒച്ച ഓർമ്മിച്ചിട്ടു്)— ഓ, അച്ഛന്റെ കാലടിയുടെ ശബ്ദമാണെന്നു തോന്നുന്നു. (ഒന്നുകൂടി നോക്കിയിട്ടു്) ഹാ! പറഞ്ഞുകഴിയുമ്പോഴെക്കു അച്ഛൻ എത്തിക്കഴിഞ്ഞു. (എല്ലാവരും എഴുന്നേററു്, ആഹ്ളാദത്തോടുകൂടെ പുറത്തേക്കു നോക്കുന്നു.) (അച്ഛൻ അകത്തേക്കു കടന്നു്, കുട്ടികളെ ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം ചുംബിക്കുന്നു ) (അച്ഛൻ, അടുത്തു് ഒരു കസാലമേൽ കിടന്ന ഉടനെ, റോബർട്ടു് അച്ഛന്റെ മടിയിൽ ഇരിക്കുന്നു; ശേഷം പേർ അച്ഛനെ തൊട്ടു്, അവിടവിടെയായി നിൽക്കുന്നു അമ്മ അടുത്ത ഒരു കസാലയിൽ ഇരിക്കുന്നു.)

അമ്മ— “നിങ്ങൾ എന്താണിത്ര താമസിച്ചതു്? നാളെ മുതൽ നാലഞ്ചു ദിവ

സത്തേക്ക ഒഴിവായതുകൊണ്ടു ജോലി വളരെ ഉണ്ടായിരുന്നിരിക്കാം.”

അച്ചൻ— “അതേ, അതേ, അതു തന്നെ. പിന്നെ, മാനേജരെക്കണ്ടു ക്രിസ്തുമസ്സിന്നു വല്ലതും വിശേഷാൽ വാങ്ങണമെന്നും ഉണ്ടായിരുന്നു. പക്ഷേ, സാധിച്ചില്ല എന്നു പറഞ്ഞാൽ മതിയല്ലോ.”

(കുട്ടികളെ നോക്കി, പുഞ്ചിരി ഇടുവാൻ ശ്രമിച്ചുകൊണ്ട്) “മക്കളെ, നിങ്ങൾക്കു ഈ കൊല്ലവും ക്രിസ്തുമസ്സില്ല. നിങ്ങൾക്കു പുസ്തകങ്ങൾ വാങ്ങുവാനും മറ്റും, ആഫീസിൽ നിന്ന് അല്പം അധികം പററിപ്പോയതുകൊണ്ട്, വിശേഷവിധിയായി ഒന്നും കിട്ടുന്നതിനു കഴിഞ്ഞില്ല. നിങ്ങൾ ഒട്ടും കുണ്ഠിതപ്പെടരുത്. നമുക്കു ഒരിക്കൽ നല്ലകാലം വരുമായിരിക്കാം. നിങ്ങൾ കർത്താവിനെ സ്നേഹിപ്പിൻ. തന്നെ ആശ്രയിപ്പിൻ. എല്ലാം നേരെ വരും”. (തുടരും)

കെ. പി. പീററർ.

## തിരുഹൃദയഭക്തന്മാർ ൧൧൦൧ തുലാമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

“വേദോപദേശികളെ ഏർപ്പെടുത്തി അഭ്യസിപ്പിക്ക.”



വിദ്യാധനം സർവ്വപ്രധാനം എന്ന് സകലരും സമ്മതിക്കും. എന്നാൽ വിദ്യാധനത്തിൽ വേദപഠനം പ്രധാനമാണെന്നുകൂടി സമ്മതിച്ചേ കഴിയൂ. എന്തെന്നാൽ സകല വിദ്യയും അഭ്യസിച്ചാലും ആത്മരക്ഷക്ക് ഉപകരിക്കുന്ന വേദപഠനം സമ്പാദിച്ചിട്ടില്ലെങ്കിൽ യാതൊരു ഫലവുമില്ല. പ്രത്യുത ഒരു വിദ്യയും അഭ്യസിച്ചിട്ടില്ലെങ്കിലും, നിത്യരക്ഷയ്ക്കു ഉപകരിക്കുന്ന വേദോപദേശം ശരിയായി പഠിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ നിത്യമായ ഭാഗ്യം ലഭിക്കുന്നതാണ്. ആകയാൽ വിദ്യാധനത്തിൽ പ്രാധാന്യം വേദപഠനത്തിന്നു കല്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ വേദോപദേശം ശരിയായി പഠിപ്പിക്കുന്നതിന്നു, വേദാദ്ധ്യയനം ചെയ്തിട്ടുള്ള നല്ല വേദോപദേശികൾ (Catechists) ആവശ്യമാണ്. ഈ വിധ വേദോപദേശികളെ ഏർപ്പെടുത്തി അഭ്യസിപ്പിക്കേണമെന്നത്രെ തിരുസഭയുടെ തലവനായ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ആജ്ഞാപിക്കുന്നതു്. തിരുമനസ്സിലെ ആജ്ഞാനുസരണം ലോകമെങ്ങും നല്ല വേദോപദേശികൾ ഏർപ്പെടുത്തപ്പെടുന്നതിന്നായി തിരുഹൃദയ ഭക്തന്മാർ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

N. B. നമ്മുടെനാട്ടിൽ പള്ളിക്കൂടങ്ങളിലും മററും വേദോപദേശം പഠിപ്പിക്കുന്നവർക്കു വരാപ്പുഴ മെത്രാപ്പോലീത്താ അവർകളുടെ അനുമതിയോടെ എറണാകുളത്തു അച്ചടിക്കപ്പെട്ട ചെറിയ ‘വേദോപദേശം’ എന്ന പുസ്തകം വളരെ ഉപകരിക്കുന്നതാണ്. പരിശുദ്ധ പിതാവു് പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു റോമ്മാ സംസ്ഥാനത്തിലുള്ള സകല രൂപതകളിലും ഉപയോഗിക്കേണമെന്നു കല്പിച്ചിട്ടുള്ള വേദോപദേശത്തിൻെറ മലയാള തർജ്ജിമയായ ഈ വലിയ ‘വേദോപദേശം’ ഉപദേശികളുടെ അഭ്യസനത്തിന്ന് ഉതകാതിരിക്കയില്ല. ഇതു എറണാകുളത്തു “കൈത്തൊഴിൽ പാഠശാല അച്ചുക്കൂട്ടം” ആഫീസിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

# പ്രസാധകക്കുറിപ്പുകൾ.

### മഹാരാജാവു തിരുമനസ്സിലെ ൬൨-ാമത്തെ ആട്ടത്തിരുനാൾ.

രാജഭക്തി പ്രദശിപ്പിക്കുന്നതിൽ കത്തോലിക്കജനം ഒട്ടും പിന്നണിയിലല്ലാ നിൽക്കുന്നതു്. കേരളീയ ക്രിസ്ത്യാനികൾ രാജഭക്തരിൽ അഗ്രഗണ്യരാണെന്നു മുമ്പിനാലെതന്നെ സുപ്രസിദ്ധമാണു്. ആ സ്ഥിതിക്കു് മഹാരാജാവു തിരുമനസ്സിലെ ൬൨-ാമത്തെ ജന്മനക്ഷത്രാഘോഷാവസരത്തിൽ തിരുവിതാംകൂറിലെ ഒന്നാമത്തെ കത്തോലിക്ക മാസികയായ "കമ്മല കുസുമ"വും സഭക്തിബഹുമാനാദരം ഭാഗഭാക്കാകേണ്ടതല്ലയോ. അതിനാൽ, നാനാജാതിമതസ്ഥരായ വഞ്ചിരാജ്യവാസികളുടെ സാക്ഷാൽ പൊന്നുതമ്പുരാനും അന്നദാതാവുമായ ശ്രീമൂലം തിരുനാൾ രാമവമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു്, ഓമന ഭാഗിനേയ ഭാഗിനേയികളോടുകൂടി ദൈവിക ലൗകികങ്ങളായ ക്ഷേമൈശ്വര്യസമൃദ്ധിസമേതം ദീഘകാലം രാജ്യപരിപാലനം ചെയ്യുന്നതിനു് സത്യൈക ദൈവമായ ശ്രീയേശുനാഥൻ കടാക്ഷിക്കുമാറാകട്ടേയെന്നു് 'കുസുമം' മനഃപൂർവ്വം പ്രാത്ഥിച്ചുകൊള്ളുന്നു.

### നാമും വല്ലതും ചെയ്യേണ്ടയോ?

സമാധാന ഉടമ്പടി പ്രമാണിച്ചു ഡിസംബർ മാസം ൧൩-ാംനു മുതൽ ൧൬-ാംനു ചൊവ്വാഴ്ചവരെ ബ്രിട്ടീഷ് സാമ്റാജ്യമൊട്ടുക്കു് ഒഴിവുദിവസങ്ങളായിരിക്കുന്നതാണു്. തിങ്കളാഴ്ചയും ചൊവ്വാഴ്ചയും വളരെ ആഘോഷമായി കൊണ്ടാടണമെന്നാണു് ഗവമ്മെണ്ടിൻെറ ആഗ്രഹം. മദ്രാസിലെ കത്തോലിക്കർ ഒത്തൊരുമിച്ചു ൧൪-ാംനു ഞായറാഴ്ച പട്ടണപ്രദക്ഷിണം ചെയ്യുന്നതിനും തദ്വാരാ കത്തോലിക്കാ മതശക്തിയേയും, ലോക സമാധാനത്തിൽ തങ്ങൾക്കുള്ള സന്തോഷത്തേയും പ്രത്യക്ഷപ്പെടുത്തുന്നതിനും ഇപ്പഴേ വേണ്ട ആലോചനകളെല്ലാം നടത്തിവരുന്നതായി അറിയുന്നു. കേരളത്തിലെ പ്രധാന പട്ടണങ്ങളിലും ഇതുപോലെയുള്ള പ്രദശനങ്ങൾ നടത്തുന്നതിനു ഇട്ടിഗപാസികൾ ശ്രമിക്കാതിരിക്കുമോ? അധികൃതന്മാരുടെ ശ്രദ്ധയെ ഏതദ്വിഷയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

### വട്ടിപ്പണക്കേസ്.

അന്ത്യോഖ്യായുടെ അബ്ദുള്ളാ പാത്രിയക്കീസുബാവാ അവർകൾ മലയാളത്തു വന്നു മാർ ദീവന്നാസ്യോസ് മെത്രാനവർകളെ മുടക്കിയതിനോടുകൂടി യാക്കോബായക്കാർ വീണ്ടും മെത്രാൻകക്ഷിയെന്നും ബാവാക്കക്ഷിയെന്നും രണ്ടായിട്ടു പിരിഞ്ഞതിനേപ്പററിയും, ദീഘനാളായി "വട്ടിപ്പണക്കേസ്" എന്ന പേരിൽ നടന്നുവന്നിരുന്ന പ്രസിദ്ധ വ്യവഹാരത്തെക്കുറിച്ചും 'കുസുമ' വായനക്കാർ കേട്ടിരിക്കുമല്ലൊ. പ്രസ്തുത കേസ്, സെപ്ററംബർ ൧൫-നു സ്പെഷ്യൽ ജഡ്ജി ശങ്കരപ്പിള്ള അവർകൾ വിധി പ്രസ്താവിച്ചിരിക്കുന്നു. ഈ അവസരത്തിൽ തോററ കക്ഷികളെങ്കിലും തങ്ങളുടെ മതവും ഗവമ്മെണ്ടും തമ്മിലുള്ള ബന്ധത്തെപ്പററിയും, തങ്ങളുടെ ന്യായമായ അധികാരികളെന്നു വിചാരിക്കപ്പെടുന്ന അന്ത്യോഖ്യാ യാക്കോബായക്കാരും തുക്കി ഗവമ്മെന്റും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും, ദൈവസ്ഥാപിതവും സവ്വസ്വാതന്ത്ര്യവുമായ യഥാത്ഥ ക്രിസ്തുമതത്തെക്കുറിച്ചും നിർപ്പക്ഷിണ്യബുദ്ധ്യാ താരതമ്യവിവേചനം ചെയ്യാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

### അനുമോദനം.

റവ. ഫാദേഴ്സ് കോശി മമ്പലത്തു്, ജയിംസ് കാളാച്ചേരി എന്നിവർ റോമിൽവച്ചും, ക. നി. മൃ. സ. സന്യാസികളായ ൧. ബ. യസ്സീന്ത് (ചാക്കൊ കുന്നങ്കൽ) ൨. ബ. പ്രൊത്താസീസ് (ഐസക്ക് മേനാമ്പറമ്പിൽ) ൩. ബ. അമ്പ്രോസിസ് (ജേക്കബ് പാലാക്കുന്നേൽ) ൪. ബ. ശെമഓൻ (ചുമ്മാർ പാട്ടശ്ശേരിൽ) എന്നിവർ സ്ഥലത്തെ ആശ്രമത്തിൽ വച്ചും ഈയിടെ നവപൂജ അണസ്സുയുണ്ടായി. സമത്ഥന്മാരായ ഈ നവവൈദികന്മാരുടെ സ്ഥാനാരോഹണത്തിൽ കേരളീയ തിരുസഭയുടെ സന്തോഷം സീമാതീതമാണു്. ഇവരോരുത്തരേയും ഞങ്ങൾ അനുമോദിക്കയും അവരുടെ ഭാവി സവ്വഥാ വിജയകരമായിപ്പരിണമിക്കുതിനു് 'കമ്മല' നായികയോടു പ്രാത്ഥിക്കയും ചെയ്യുന്നു.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ൭ ——— എല്പകത്തി ൨൯.

## ൧൯൧൯ ഒക്ടോബർ — ൧൦൯൫ കന്നി — തുലാം.

| | | | | |
|---|---|---|---|---|
| 1 | 16 | ബു | അ മൌ. റെമി. ന. ആ. കു വെ. ... ... | വെ. |
| | | | ഈ മാസത്തിൽ ഉന്മമണി ജപം ദേവാലയത്തിൽ കൂട്ടമായിട്ടു എത്തിക്കയോ, തക്ക കാരണത്താൽ പാടില്ലാത്തപക്ഷം, തനിച്ചെത്തിക്കയോ ചെയ്യുന്നവൎക്ക് ഓരോ പ്രാവശ്യവും ൭൦ ആ. ൭ മ. ദ. വി. വിശേഷിച്ചും പള്ളിയിലാകട്ടെ, വശമില്ലാതെ തനിച്ചാകട്ടെ ൧൦ നാൾ എങ്കിലും ജപമാല എത്തിച്ച് ശേഷം ക്രമമുള്ളതും ചെയ്താൽ പൂ. ദ. വി. | |
| 2 | 17 | വ്യാ | † കാവൽമാലാഖാ. ന. ആ. കു. വെ. ... ... | വെ. |
| 3 | 18 | വെ | † വേ. വെഞ്ച. (കന്നി ൨൮) ന. ആ. കു. വെ. | ച്യു. |
| 4 | 19 | ശ | മൌ. ഫ്രാംസി. ന. ആ. കു. വെ. ... ... | വെ. |
| 5 | 20 | ഞാ | ✠ പ ൧൯ († കൊന്തമാതാ.* ൫ വെ.) ന. കു. ആ. ! ൨൩ . ൭ . ൨ | പ. |
| 6 | 21 | തി | † മൌ ബ്രൂനൊ. ന. ആ. കു. വെ. ... ... | വെ. |
| | | | ത്രേസ്യാ പുണ്യവതിയുടെ നവനാൾ തുടങ്ങുന്നു. | |
| 7 | 22 | ചൊ | പാ. മൌ മൎക്കോ. ന. ആ കു. വെ. ... ... | വെ. |
| 8 | 23 | ബു | † വി. ബ്രിജീ ന. ആ. കു. വെ. ... ... | വെ. |
| 9 ◐ | 24 | വ്യാ | വേ. ദിയ. ക്രു. ന. ആ. കു. വെ. ... ... | ച്യു. |
| 10 | 25 | വെ | † മൌ. ഫ്രാംസി. ബോ. ന. ആ. കു. വെ. ... ... | വെ. |
| 11 | 26 | ശ | † വി ക്രൂറ. ക്രു. (കൎക്ക. ൫) ന. ആ. കു. വെ. ... | വെ. |
| 12 | 27 | ഞാ | ✠ പന്ത. ൧൯ാം ന. കു. ആ. ... . ൧൭ . ൭ . ൫ | പ. |
| 13 | 28 | തി | † മൌ. എദ്ദ്വാ. ന. ആ. കു. വെ. ... ... | വെ. |
| 14 | 29 | ചൊ | പാ. വേ. കലി. ന. ആ. കു. വെ. ... ... | ച്യു. |
| 15 | 30 | ബു | † ക ത്രേസ്യാ. ന. ആ. കു. വെ. (കമ്മ. സ. അമ. സ. പൂ. ദ. വി.) | വെ. |
| | | | ചങ്ങനാശേരി, കാവാലം ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| 16 | 31 | വ്യാ | വി. രാ. ഏലി. (കൎക്ക. ൮) ന. ആ. കു. വെ. ... | വെ. |
| 17 | 1 | വെ | † ക. മറി. അല. ന. ആ. കു. വെ. ... ... | വെ. |
| 18 | 2 | ശ | വി. ലൂക്കാ. ഏവ. ന. ആ. കു. വെ. ... ... | ച്യു. |
| 19 | 3 | ഞാ | ✠ പന്ത. ൧൯ാം ന. കു. ആ. ... . ൨൨ . ൧ . ൨ | പ. |
| 20 | 4 | തി | † മൌ. യോഹ. കാ. ന. ആ. കു. വെ. ... ... | വെ. |
| 21 | 5 | ചൊ | മൌ. ഹില്ലാ. ന. ആ. കു. വെ. ... ... ... | വെ. |
| 22 | 6 | ബു | † വി. മറി. ശാലോം ന. ആ. കു. വെ. ... ... | വെ. |
| 23 ● | 7 | വ്യാ | † ദിവ്യരക്ഷ. ന. ആ. കു. വെ. ... ... ... | വെ. |
| 24 | 8 | വെ | † റപ്പായേൽ മാലാഖാ. ന. ആ കു. വെ. ... ... | വെ. |
| 25 | 9 | ശ | വേ ക്രുസോ. ക്രു. ന. ആ. കു. വെ. ... ... ... | ച്യു. |
| 26 | 10 | ഞാ | ✠ പന്ത. ൨൦ാം ന. കു. ആ. . ൨൩ . ൧ . ൫ | പ. |
| 27 | 11 | തി | ശിമയോൻ യൂദാ. ത. ന. ആ. കു. ത. ഇ. വി. ... | റോ. |
| 28 | 12 | ചൊ | (✠) ശിമയോൻ യൂദാ ശ്ലീ. ന. കു. വെ. ... | ച്യു. |
| 29 | 13 | ബു | പാ. വേ. എവരി. (ഈ ൨൬) ന. ആ. കു. വെ. ... | ച്യു. |
| 30 | 14 | വ്യാ | † വി. രാ. എദ്ദ്വി. (ഈ ൧൯) ന ആ. കു. വെ. ... | വെ. |
| 31 | 15 | വെ | വേ. സക. ശുദ്ധ. തലെ. ന. ആ. കു. ത. ... ... | റോ. |

Printed and Published for the Proprietor, by A P. Mani at St. Joseph's Press, Mannanam.

# പരസ്യം.

## ടി. ലൂയിസ് ആൻഡ് കമ്പനി

**കത്തോലിക്ക് വെയർഹൌസ്**

ബിഗ് ബസാർ സ്റ്റ്രീറ്റു;

**തൃച്ചിനാപ്പള്ളി.**

---

പല നിറത്തിലുള്ള എണ്ണച്ചായാ പടങ്ങൾ.

കർത്താവിന്റെ തിരുഹൃദയം, പരിശുദ്ധ മറിയം, മാർ യൌസേപ്പ്, തിരുക്കുടുംബം, വി. അന്തോണി, etc. ete. ആദിയായി പലനിറത്തിലും വലിപ്പത്തിലുമുള്ള പടങ്ങൾ ഇയ്യിടെ ഇവിടെ കിട്ടിയിരിക്കുന്നു.

| | രൂ. | ണ. | പൈ. |
|---|---|---|---|
| 10×8 വലിപ്പം ഡസൻ ഒന്നിനു | 1 | 0 | 0 |
| 17×12 ,, ,, | 3 | 0 | 0 |
| 20×16 ,, ,, | 6 | 0 | 0 |
| 25×18 ,, എണ്ണം ഒന്നിനു | 1 | 4 | 0 |
| 29×22 ,, ,, | 2 | 0 | 0 |
| പ്രാർത്ഥനപ്പുസ്തകത്തിൽ വയ്ക്കുന്നതിനുള്ള ചെറിയ പടങ്ങൾ 100-ക്കു | 2 | 4 | 0 |
| ചരമവാർത്തകളും മറ്റും അടിക്കുന്നതിനുള്ള പടങ്ങൾ 100-ക്കു | 3 | 0 | 0 |

വെന്തിഞ്ഞകൾ.

| | | | |
|---|---|---|---|
| കർമ്മല ഉത്തരീയം 12 ഡസനു | 4 | 12 | 0 |
| ടി. താണതരം ,, | 4 | 4 | 0 |
| നീല ഉത്തരീയം ,, | 6 | 0 | 0 |
| വ്യാകുല ഉത്തരീയം ,, | 5 | 0 | 0 |

കാശുരൂപങ്ങൾ.

ഉത്തരീയത്തിനു പകരം ഉപയോഗിക്കാവുന്ന ചതുരവും വൃത്തവുമായ അലുമിനീയം കാശുരൂപം

| | | | |
|---|---|---|---|
| ചതുരം ഡസൻ ഒന്നുക്കു | 0 | 12 | 0 |
| വൃത്തം ,, | 0 | 7 | 0 |
| ചതുരം വെള്ളികൊണ്ടുള്ളതു 1-ക്കു | 1 | 4 | 0 |
| വൃത്തം ,, ,, | 0 | 10 | 0 |

പലതരത്തിലുള്ള വലിയ അലുമിനീയം കാശുരൂപങ്ങൾ

| | | | |
|---|---|---|---|
| ചതിരത്തിലുള്ളതു ഡസൻ 1-ക്കു | 0 | 9 | 0 |
| വട്ടത്തിലുള്ളതു ,, | 0 | 7 | 0 |

കൊന്തകൾ.

| | | | |
|---|---|---|---|
| ചാരനിറത്തിലുള്ള മേത്തരം കോരക്കുരു കൊണ്ടുള്ളതു. ഡസനു | 1 | 12 | 0 |
| ടി. താണതു ,, | 1 | 10 | 0 |
| കറുത്ത കൊന്തക്കുരു ,, | 1 | 12 | 0 |
| പളുങ്കുകുരു (നാനാവർണ്ണം) ,, | 1 | 10 | 0 |
| മുത്തുച്ചിപ്പി പോലുള്ള കുരു (വെളുത്തതും ചുമന്നതും) ,, | 2 | 0 | 0 |
| വ്യാകുലക്കൊന്ത ,, | 5 | 0 | 0 |
| പ. ദിവ്യകാരുണ്യക്കൊന്ത (33 കുരുവുള്ളതു്) ,, | 1 | 12 | 0 |

മുഴച്ചായമിട്ട മണ്ണുരൂപങ്ങൾ.

തിരുഹൃദയം, കന്യകമറിയം, ലൂർദ്ദ് മാതാവ്, വി. അന്തോണി

| | | | |
|---|---|---|---|
| 8 ഇഞ്ചു നീളമുള്ളതു് ഒന്നുക്കു | 2 | 0 | 0 |
| 12 ,, ,, ,, | 4 | 8 | 0 |

മരക്കുരിശുകൾ.

| | | | |
|---|---|---|---|
| 8 ഇഞ്ചു നീളമുള്ളതു് ഒന്നുക്കു | 1 | 4 | 0 |
| 12 ,, ,, ,, | 2 | 0 | 0 |
| 18 ,, ,, ,, | 3 | 0 | 0 |

നാനാവർണ്ണത്തിലുള്ള പൂക്കളെക്കൊണ്ടു അലംകൃതമായ കാർഡുകളിൽ അച്ചടിച്ചിട്ടുള്ള വേദവാക്യങ്ങൾ.

സാധാരണയുള്ളതു.

| | | | |
|---|---|---|---|
| 10×8 വലിപ്പത്തിനു ഡസനു | 1 | 4 | 0 |
| 12×10 ,, ,, | 3 | 8 | 0 |

അസാമാന്യ മിനുസമുള്ളതു്.

| | | | |
|---|---|---|---|
| 16×12 വലിപ്പത്തിനു ഡസനു | 4 | 8 | 0 |
| 20×16 ,, ,, | 8 | 0 | 0 |

എല്ലാ സാമാനങ്ങളും വി. പി. ആയിട്ടു അയക്കപ്പെടാവുന്നതാണു്. മുപ്പതു രൂപായ്ക്കു മേൽ സാമാനങ്ങളെടുക്കുന്ന വിശ്വസ്തന്മാരായ അപേക്ഷകന്മാർക്കു പ്രത്യേക കമ്മീഷൻ നൽകപ്പെടും. പ്രസ്താവിത വിലവിവരപ്പട്ടികക്കു അല്പാല്പ ഭേദം വരാവുന്നതാണു്. എഴുത്തുകുത്തുകളെല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

## T. Louis & Co.,

Catholic Warehouse,

Big Bazaar St., Trichinapoly.

Coloured Oleograph Pictures:- We have just received a large consignment of different varieties of Oleograph pictures as: S. H. of Jesus B. V. Mary (in different varieties) St. Joseph, Holy Family, St. Antony etc., etc., in the following sizes.

10x8 doz. Re. 1; 17x13 doz. Rs. 3; 20x16 doz. Rs. 6; 25x18 each Re. 1-; 29x22 each Re. 1. 12 0.

Prayer book pictures at Rs. 2-4; Mourning pictures at Rs. 2- 8; per 100.

Scapulars:- Black scapular of Mt Carmel sup. Rs. 4-12 Inf. Rs. 4-4 per gross. Blue scapular Rs. 6; our Lady of Dolours scapular at Rs. 5 per gross

Medals:- Scapular medals Aluminium square and round As. 12 and 6 per doz. In silver Re. 1-4 and As. 10 each. Other [illegible] Our Lady of Health St. Antony, [illegible]seph, B. V. M., Ecce Homo. St. A[illegible]ns, Etc., in oval and round big size [illegible] As. 9 simall doz. As. 7.

Rosaries:- Ash colour Koraiseed Inf. doz. Rs. 1-10, Sup. doz. Re. 1-12

| | | |
|---|---|---|
| Black Cana seed | ,, | 1-12 |
| Porcelain Beeds, Black, Blue & Green | ,, | 1-10 |
| Imitation Pearl, White & Red | ,, | 2- 0 |
| Our Lady of Dolours Rosary | ,, | 5- 0 |
| Blessed sacrament Rosary of 33 Beads | ,, | 1-12 |

Fully coloured Statues:- Sacred Heart, Bl. Virgin, Lourdes, St. Joseph 8" height Rs. 2-0

| | | |
|---|---|---|
| | 12" | 4-8 |
| Wooden Cross to hang | 18" | 1-4 |
| | 8'" | 2-0 |
| | 12' | 3-0 |

Varnished coloured pictures, of Views, sceneries, and beauties.

| | 10x8 | 14x6 | 15x11 | 20x16 |
|---|---|---|---|---|
| Doz. | 2-0-0 | 2-4-0 | 2-4-0 | 0-12-0 each. |

Black and white pictures: with fine embossed borders.

15x11 and 16x12 at Rs. 4-0-0 per doz.

Season Motoes & scripture Texts with Floral designs.

| | 10x8 | 12x10 | 16x12 | 20x16 |
|---|---|---|---|---|
| Doz. | 1-4-0 | 2-8-0 | 5-0-0 | 10-0-0 each. |

Picture Post Card: of Views beauties and love scenes.

doz. 1-0-0, 1-2-0, 1-8-0.

X'mas and New year cards and Pictorial wall pocket calendars, Hanging picture calendars will be supplied during the season.

**All orders are executed by V. P. P.**

Special discounts will be given to Bonafide buyers. Packing and Postage extra.

Prices are subject to the fluctuation of the Market.

T. Louis & Co.
General Merchants,
Big Bazaar St., Trichy.



## വളരെ ലാഭമുള്ളതും മുതൽ നഷ്ടമില്ലാത്തതുമായ
## പ്രൈസ്സ് കുറി. (ചിട്ടി)

95 തുലാം 30-ാംനു- നറുക്കെടുക്കും.

ഇതു വളരെ ലാഭമുള്ള ഒരു പുതിയതരം കുറിയാണ്. ഇതിൽ എ. നമ്പ്ര നറുക്കു 1_ക്കു 2 ക. യും 100 ക. പ്രൈസ്സും, ബി. നമ്പ്ര് 1_ക്കു 1 ക. യും 50 ക. പ്രൈസ്സും ഉണ്ടായിരിക്കുന്നതും മാസംതോറും നടത്തി 50 മാസംകൊണ്ടു കുറി അവസാനിക്കുന്നതും, മാസംതോറും നറുക്കു കിട്ടുന്നവർക്കു മേൽപറഞ്ഞ സംഖ്യ പ്രൈസ്സായി കിട്ടുന്നതും അവർ പിന്നെ കുറിയിൽ പണം വെക്കേണ്ടയാവശ്യം ഇല്ലാത്തതും ആകുന്നു. എല്ലാ നറുക്കുകളും എടുക്കുന്നതും മേൽപ്രകാരമുള്ള സംഖ്യ എല്ലാവർക്കും കിട്ടുന്നതും ആകകൊണ്ടു ചേരുന്നവർക്കാർക്കും യാതൊരു നഷ്ടവും ഇല്ല. അല്പാല്പമായിട്ടു വലിയ സംഖ്യ സമ്പാദിക്കേണമെന്നാഗ്രമുള്ളവരെല്ലാം ഇതിൽ കഴിയുന്നത്ര നറുക്കുകൾ ചേരേണ്ടതാണ്. അധികവിവരം കുറിരസീതുകൊണ്ടറിയാം. ഇനി കുറച്ചു നറുക്കുകൾ മാത്രമേ ബാക്കിയുള്ളൂ. അതുകൊണ്ടു ചേരണമെന്നാഗ്രഹമുള്ളവരെല്ലാം ഉടനെ പണം മണിയാർഡർ അയക്കുകയോ കുറിരസീതു വി. പി. ആയി ആവശ്യപ്പെടുകയോ വേണം. ഇന്നുതന്നെ ബ്രിട്ടീഷ് തപാൽവഴിക്കാവശ്യപ്പെടുവിൻ.

ഇ. പി. ജോസഫ് വൈദ്യർ,
ആയുർവ്വേദ വൈദ്യശാല ഉടമസ്ഥൻ
തല്ലശ്ശേരി. S. മലബാർ.